വാല്യം 5
2021–2022

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# സോഷ്യോളജി ഗവേഷണ ജേണൽ

Included in UGC Care List



# സാമൂഹികത വൈജ്ഞാനിക വിചാരങ്ങൾ

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല**
**സോഷ്യോളജി ഗവേഷണ ജേണൽ സമീക്ഷ**
**വാല്യം 5, 2021 - 2022**
(വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നത്)

**പ്രസിദ്ധീകരണ ഉപദേശകസമിതി**
ഡോ. സതീശ് ദേശ്പാണ്ഡെ, ഡോ. രജനി പാൽരിവാല, ഡോ. കെ. എൻ. ഗണേശ്, ഡോ. പി.കെ. പോക്കർ, ഡോ. ജാനകി എബ്രഹാം, ഡോ. കെ.ജി. ദിലീപ്, ഡോ. വിനീത മേനോൻ, ഡോ. എസ്. ഇരുദയ രാജൻ, ഡോ. കെ. ടി. റാം മോഹൻ, ഡോ. കെ. രവിരാമൻ, ഡോ. ആന്റണി പാലക്കൽ, ഡോ. ജെ. പ്രഭാഷ്, ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ്, ഡോ. എൻ. ജയറാം, ഡോ. ജോണി സി. ജോസഫ്, ടി. പി. കുഞ്ഞിക്കണ്ണൻ, ഡോ. ലക്ഷ്മി വി. നായർ.

**എഡിറ്റോറിയൽ ബോർഡ്**
ഡോ. സ്വപ്നാറാണി എസ്. എസ്. (ഡയറക്ടർ, സോഷ്യോളജി സ്കൂൾ)
ഡോ. കെ. എസ്. ഹക്കിം (അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി സ്കൂൾ)

**ചീഫ് എഡിറ്റർ**
ഡോ. അനിൽ വള്ളത്തോൾ (വൈസ്ചാൻസലർ)

**ഇഷ്യു എഡിറ്റർ**
ഡോ. കെ. എസ്. ഹക്കിം (അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി സ്കൂൾ)

**പ്രസാധകൻ**
ഡോ. പി. എം. റെജിമോൻ (രജിസ്ട്രാർ ഇൻ-ചാർജ്ജ്)

**പ്രസിദ്ധീകരണ ഏകോപനം**
ഡോ. ശ്രീകുമാർ എ. ജി. (പബ്ലിക്കേഷൻ ഓഫീസർ)

**കവർപേജ് രൂപകല്പന**
എം. ടി. ലിജീഷ്

---

Thunchath Ezhuthachan Malayalam University
Sociology Research Journal Sameeksha
Vol.5, 2021-2022 (Annual)
Chief Editor : Dr. Anil Vallathol (Vice Chancellor)
Issue Editor: Dr. K. S. Hakim (Assistant Professor, School of Sociology)
Publisher: Dr. P. M. Rejimon ( Registrar in-charge)

© Thunchath Ezhuthachan Malayalam University

Aksharam Campus, Vakkad P.O., Tirur, Malappuram Dist., Kerala, India - 676 502.
Price Rs. 200/-

Printed at : The Calicut University Central Co-operative Stores Ltd.
Published by :
School of Sociology

വാല്യം 5
2021 - 2022

# ഭാഷയുടെ സമൂഹശാസ്ത്രം: ജോഷ്വ എ. ഫിഷ്മാന്റെ സൈദ്ധാന്തിക-രീതിശാസ്ത്രസമീപനങ്ങൾ

■ സി. സെയ്തലവി*

**സംഗ്രഹം**

ഭാഷയുടെ സമൂഹശാസ്ത്രം എന്ന അന്തർവൈജ്ഞാനിക ശാഖ മുളപ്പിച്ചതിലും പടർത്തിയതിലും ജോഷ്വ എ. ഫിഷ്മാൻ വഹിച്ച പങ്ക് വിലയിരുത്തുവാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. സമൂഹശാസ്ത്ര സങ്കല്പനങ്ങളെ ഭാഷാപഠനവുമായി വിളക്കിച്ചേർക്കുമ്പോൾ സ്വീകരിക്കാവുന്ന ഫിഷ്മാനിയൻ സൈദ്ധാന്തിക-രീതിശാസ്ത്രമാതൃകകളാണ് പ്രബന്ധം പ്രധാനമായി ചർച്ച ചെയ്യുന്നത്. ഫിഷ്മാനിയൻ ചിന്തകൾ എപ്രകാരമാണ് ഭാഷയുടെ സമൂഹശാസ്ത്രത്തിന് സൈദ്ധാന്തികാടിത്തറയേകിയതെന്ന് പരിശോധിക്കുന്നത് ബഹുഭാഷിത്വം, ഇരട്ടമൊഴിത്തം, ഭാഷാസംരക്ഷണം, ഭാഷാവ്യതിചലനം, ഭാഷാവ്യതിചലനത്തിൽ നിന്ന് പിന്തിരിയൽ, ഭാഷാസൂത്രണം, ഭാഷാനയങ്ങൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകളുടെ വെളിച്ചത്തിലാണ്. സാമൂഹികഭാഷാശാസ്ത്രത്തിനും ഭാഷയുടെ സമൂഹശാസ്ത്രത്തിനുമിടയിലെ മതിൽക്കെട്ട് ശക്തമാക്കാൻ ശ്രമിച്ച ആദ്യകാല ഭാഷാശാസ്ത്രജ്ഞരുടെ ശ്രമങ്ങളെ സൈദ്ധാന്തികമായി പ്രതിരോധിച്ച് അവയുടെ അതിർവരമ്പുകൾ ദുർബലമാക്കാൻ പ്രയത്നിച്ച ഫിഷ്മാൻ ആശയവിനിമയധർമത്തിനുമപ്പുറം സാമൂഹികയാഥാർഥ്യമെന്ന നിലയിലുള്ള ഭാഷയുടെ ഭിന്നമുഖങ്ങളിലായിരുന്നു ശ്രദ്ധയൂന്നിയതെന്ന് പ്രബന്ധം വിലയിരുത്തുന്നു. ഉഭയഭാഷിത്വം പോലുള്ള പ്രതിഭാസങ്ങളെ ഭാഷാസമ്പർക്കഫലമായി മാത്രം നോക്കിക്കണ്ടിരുന്ന ഭാഷാശാസ്ത്രവൃത്തത്തിനകത്ത് സൈദ്ധാന്തികമായ വിള്ളൽ വീഴ്ത്തുന്നതിൽ സാമൂഹിക-സാംസ്കാരിക സന്ദർഭം, ഭാഷകസമൂഹത്തിന്റെ ലോകവീക്ഷണം, മനോഭാവം എന്നിവയിലധിഷ്ഠിതമായ ഫിഷ്മാന്റെ വിശകലനപദ്ധതി വിജയിച്ചിട്ടുണ്ടെന്ന നിഗമനത്തിലാണ് പ്രബന്ധം എത്തിച്ചേരുന്നത്.

## ആമുഖം

ഫിലോളജിയിൽ നിന്നും നരവംശശാസ്ത്രത്തിൽ നിന്നും വേർപ്പെട്ട് സ്വയം നിർണയശേഷി കൈവരിച്ച വിജ്ഞാനധാരകളായി സമൂഹശാസ്ത്രവും ഭാഷാശാസ്ത്രവും സ്വതന്ത്രാസ്തിത്വം

തിരൂർ, മലപ്പുറം, കേരളം.

ണ്ടിന്റെ രണ്ടാം പകുതിയിലാണ്. ''ഫ്രാൻസിലെ സർവകലാശാലാപാഠ്യപദ്ധതിയിൽ 1877 ലാണ് സമൂഹശാസ്ത്രം ആ പേരിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്റർനാഷണൽ റിവ്യൂ ഓഫ് സോഷ്യോളജിയുടെ പ്രസിദ്ധീകരണമാരംഭിക്കുന്നത് 1893 ലും ചിക്കാഗോയിൽ സമൂഹശാസ്ത്രത്തിന് വേണ്ടി ആദ്യ ചെയർ സ്ഥാപിക്കക്കുന്നത് 1895ലുമാണ്. സമാന്തരമായി ആധുനിക ഭാഷാശാസ്ത്രശില്പിയായ ഫെർഡിനന്റ് സസ്സൂറിന് ജനീവയിൽ ഭാഷാശാസ്ത്രത്തിനായി ഒരു ചെയർ യാഥാർഥ്യമാക്കാനായത് 1891 ലാണ്. അതിന് മുമ്പുതന്നെ 1852 ലും 1869ലുമായി ഭാഷാശാസ്ത്രചിന്തകൾ പങ്കുവയ്ക്കുവാനുള്ള ജേണലുകൾ പുറത്തിറങ്ങിത്തുടങ്ങിയിരുന്നു''(മൗലീൻ 2022).

വിവിധ ജ്ഞാനപദ്ധതികളുടെ കാര്യത്തിൽ ശാസ്ത്രീയതയിൽ അധിഷ്ഠിതമായ ചിന്താവിപ്ലവം പാരമ്യത്തിലെത്തിയ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആത്മനിഷ്ഠനിരൂപണരീതികളിൽനിന്ന് വസ്തുനിഷ്ഠതയ്ക്ക് പ്രാധാന്യമുള്ള രീതിശാസ്ത്രത്തിലേക്ക് സാമൂഹികചിന്തകൾ ഒട്ടൊക്കെ വളർന്നു വികസിച്ചിരുന്നു. ഓരോ ചിന്താധാരയും തനത് രീതിശാസ്ത്രവികസനത്തിന് നൽകിയ അതിപ്രാധാന്യം വിജ്ഞാനശാഖകളുടെ അതിരുകൾ കനക്കുവാനും അവയോരോന്നും പരസ്പരം മുട്ടാതെ ഒറ്റയൊറ്റയായി നിൽക്കുവാനും ഇടവരുത്തി. ഭാഷാശാസ്ത്രത്തിനും സമൂഹശാസ്ത്രത്തിനും ഈ പ്രവണതയിൽ നിന്ന് ഭിന്നമായ വഴി സ്വീകരിക്കുവാൻ അവയുടെ ആവിർഭാവകാലത്ത് സാധിച്ചിരുന്നില്ല. രണ്ടിന്റെയും ചിന്താബീജങ്ങൾ അങ്കുരിച്ച കാലം തൊട്ട് നിരവധി ദശാബ്ദങ്ങൾ ഈ പുറംതിരിയൽ ദൃശ്യമായിരുന്നു.

ആധുനികഭാഷാശാസ്ത്രത്തിന്റെ കാനോനികതത്വങ്ങൾക്ക് വേരുപാകിയ സസ്സൂറിന്റെ പ്രഭാഷണങ്ങൾ (1916) ഭാഷയുടെ ബാഹ്യഘടകങ്ങളേക്കാൾ (സാമൂഹികം) ആഭ്യന്തരഘടകങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. ഒരു വ്യവസ്ഥയെന്ന നിലയിൽ ഭാഷയെ രൂപപ്പെടുത്തുന്ന മൂലാംശങ്ങളിൽ ശ്രദ്ധയൂന്നിയ സസ്സൂറിയൻ പാരമ്പര്യം വൈയക്തികവും സാമൂഹികവുമായ നിരവധി ഘടകങ്ങൾ ഭാഷയിൽ കാലാകാലങ്ങളായി സൃഷ്ടിക്കുന്ന വിവിധ ഭേദങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകിയില്ല. ഭാഷയെ സാമൂഹിക-സാംസ്കാരിക ഘടകവും ഉപകരണവുമായി കണ്ട നരവംശശാസ്ത്രചിന്തകളെ തീണ്ടാതെയാണ് ഭാഷാശാസ്ത്രത്തിന്റെ ചിന്താപാരമ്പര്യം ഏറെക്കാലം ശക്തമായി ഒഴുകിയത്. ഈ പാരമ്പര്യത്തിന്റെ ശേഷിപ്പുകൾ ഇരുപതും ഇരുപത്തൊന്നും നൂറ്റാണ്ടുകളിലും മുഴച്ചുനിന്നതിന് തെളിവാണ് ലൂയിസ് യെലംസ്ലേവ് (1943), ആന്ദ്രേ മാർട്ടിനെ (1964) ചോംസ്കി (1965) തുടങ്ങിയവരുടെ ചിന്തകളെന്ന് ഗുമ്പേഴ്സ് (1971) അഭിപ്രായപ്പെട്ടിട്ടുണ്ട്.

മറുവശത്ത്, സമൂഹശാസ്ത്രം ഭാഷയ്ക്ക് പരിഗണന നൽകിയില്ലെങ്കിലും ഭാഷാഘടകങ്ങളെ ആദ്യകാല ചിന്തകരുടെ കാലം മുതലേ അത് തമസ്കരിച്ചില്ലെന്ന് പറയാനാകും. ഭാഷാവ്യവഹാരങ്ങൾക്ക് സാമൂഹികജീവിതത്തിലുള്ള പ്രാധാന്യത്തെക്കുറിച്ച് വാചാലനായില്ലെങ്കിലും സാമൂഹ്യനിയമങ്ങളുടെ വേരോട്ടത്തിൽ സംഘബോധത്തിനുള്ള പ്രാധാന്യം ചർച്ചചെയ്യുമ്പോൾ ഭാഷയിലൂടെയല്ലാതെ അത് സാധ്യമാകില്ലെന്ന് സാന്ദർഭികമായി വീക്ഷിക്കാൻ

ഭൗതികയാഥാർഥ്യത്തിന്റെ പ്രതിഫലനമാധ്യമമായും ഉപരിഘടനയുടെ പ്രധാനാംശമായും ഭാഷയെ പ്രതിഷ്ഠിക്കാൻ മാർക്സും ശ്രദ്ധിച്ചിരുന്നതായി ആൽപതോവ് (2011) ചൂണ്ടിക്കാട്ടുന്നു. വിഷയമർമത്തിലുള്ള അതികേന്ദ്രീകരണം അതത് മേഖലകളിലെ ജ്ഞാനോത്പാദനത്തിന് ബലമേകുമെങ്കിലും അന്തർവൈജ്ഞാനികതയുടെ സാധ്യതകൾ ദുർബലമാക്കും. ഭാഷയുടെ ആന്തരഘടനയിൽ മാത്രമൂന്നിയ ഭാഷാശാസ്ത്രത്തിന്റെ വികാസം സാമൂഹ്യപരിവർത്തനത്തിൽ ഭാഷ കാരണമാകുന്നതെങ്ങനെയെന്ന കാതലായ ചോദ്യത്തെ അഭിമുഖീകരിക്കുന്നതിൽ വലിയൊരു കാലയളവോളം പരാജയപ്പെടുകയാണുണ്ടായത്. ഉദാഹരണമായി, ഭാഷാവൈവിധ്യമായി തിരിച്ചറിയുന്ന പല സവിശേഷതകളും അസമത്വത്തിന്റെയും അധികാരത്തട്ടിലെ ഏറ്റക്കുറച്ചിലിന്റെയും പ്രതിഫലനങ്ങളാകാൻ വഴിയില്ലേ? സാമൂഹികഘടനയോട് ഭാഷയെ ചേർത്തുവയ്ക്കുമ്പോളുയരുന്ന ഈ മട്ടിലുള്ള ചോദ്യങ്ങൾ അഭിമുഖീകരിക്കുവാനുള്ള അവസരം നന്നായി ഉപയോഗിച്ചത് ആദ്യകാലത്ത് ഭാഷാശാസ്ത്രത്തെക്കാളും സമൂഹശാസ്ത്രമാണെന്ന് കാണാനാകും. ഈ ദിശയിലുള്ള സമൂഹശാസ്ത്രാന്വേഷണങ്ങളാണ് പിൽക്കാലത്ത് സാമൂഹികഭാഷാശാസ്ത്രമെന്ന വിജ്ഞാനശാഖ ഉടലെടുക്കാൻ പ്രേരകമായത്.

### സാമൂഹികഭാഷാശാസ്ത്രവും സമൂഹശാസ്ത്രച്ചായ്‌വും

ഭാഷാശാസ്ത്രത്തിന്റെ കാനോനികതത്വങ്ങളോടുള്ള വിപ്രതിപത്തിയിൽനിന്നാണ് സാമൂഹികഭാഷാശാസ്ത്രത്തിന്റെ പിറവിയെന്ന് മൗലീൻ (2022) അടിവരയിടുന്നു. വില്യം ഡി. വിറ്റ്നി (1867) മുതൽ യൂറിയെൽ വെയ്ൻറെയ്ക് (1953) വരെയുള്ള നിരവധി ഭാഷാശാസ്ത്രജ്ഞരുടെ ചിന്തകളാണ് സാമൂഹികഭാഷാശാസ്ത്രത്തിന് വിത്തുപാകിയത്. ''സാമൂഹികഭാഷാശാസ്ത്രം എന്ന വിജ്ഞാനശാഖ മൂർത്തരൂപമാർജിക്കുന്നതിന് എത്രയോമുമ്പുതന്നെ ആന്റോണിയോ മെയ്‌ലെറ്റിനെയും (1905), എഡ്വേർഡ് സപിയറിനെയും (1921) പോലുള്ള ചിന്തകർ സാമൂഹികഭാഷാശാസ്ത്രത്തിന് അടിത്തറയേകുന്ന സങ്കല്പനങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞിരുന്നു. 1950 നും 1970 നും ഇടയിലുള്ള കാലത്താണ് ഈ വിജ്ഞാനധാര വളരാൻ തുടങ്ങിയത്'' (അതേ ലേഖനം). ചാൾസ് ഫെർഗ്യൂസൻ (1959), ജോഷ്വാ എ. ഫിഷ്മാൻ (1968), ജോൺ എ ഗുമ്പെസ് & ഡെൽ ഹൈംസ് (1972) എന്നിവരുടെ ഗവേഷണങ്ങളാണ് അതിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്. ഇക്കൂട്ടത്തിൽ ലബോവിന്റെ നിലപാടുകൾക്കായിരുന്നു 70 കൾ വരെയുള്ള സാമൂഹികഭാഷാശാസ്ത്രഗവേഷണങ്ങളിൽ മേൽക്കൈ ലഭിച്ചതെന്ന് കാണാം.

ഭാഷയെ സാമൂഹികയാഥാർഥ്യമായി (social fact) വേണ്ടത്ര തിരിച്ചറിയാതിരുന്ന ക്ലാസിക്കൽ ഭാഷാശാസ്ത്രത്തിന്റെ നിലപാടുകളെ ലബോവ് നിരന്തരം ചോദ്യം ചെയ്തു. ഭാഷ ആത്യന്തികമായി ഒരു സാമൂഹികയാഥാർഥ്യമായിരിക്കുമ്പോഴും അതിന്റെ സാമൂഹികമാനങ്ങളെ ഭാഷാശാസ്ത്രത്തിൽ ഉദ്ഗ്രഥിച്ചു ചേർക്കുന്ന സമീപനം വികസിച്ചുവരാത്തത് വിരോധാഭാസമായാണ് അദ്ദേഹം വീക്ഷിച്ചത്.

[illegible] ലബോവിന്റെയും [illegible] (2011:12) ചൂണ്ടിക്കാട്ടുന്നു [illegible]
കൾ ഉയർന്നുവന്നതെന്ന് സ്പോൾസ്കി [illegible] വീക്ഷിച്ച ഭാഷയിലെ [illegible]
ഭാഷാശാസ്ത്രജ്ഞരിൽ പലരും [illegible] സാമൂഹികഭാഷാശാസ്ത്ര
ണങ്ങളിലെയും വ്യതിയാന പ്രവണതകളായിരുന്നു; സാമൂഹികഭാഷാശാസ്ത്ര
ത്തിന്റെ ഗവേഷണതട്ടകം.

സാമൂഹികഭാഷാശാസ്ത്രം (sociolinguistics), ഭാഷയുടെ സമൂഹശാസ്ത്രം (sociology of language) എന്നിവ തമ്മിലുള്ള അന്തരവും അടുപ്പവും ഏറെ സങ്കീർണമാണ്. പലരും ഇവ രണ്ടിനെയും പര്യായ പ്രയോഗങ്ങളായും കാണാറുണ്ട്. ഭാഷയുടെ സമൂഹശാസ്ത്രം (sociology of language) എന്ന പദപ്രയോഗം ഉടലെടുത്തത് ഭാഷാശാസ്ത്രവൃത്തത്തിലാണെങ്കിലും അതിന് ആ വൃത്തത്തിനകത്ത് വേണ്ടത്ര വേരോട്ടം ലഭിച്ചിരുന്നില്ല. പെൻസിൽവാനിയ സർവകലാശാലയിൽ ഭാഷയുടെ സമൂഹശാസ്ത്രം എന്ന പേരിൽ ഫിഷ്മാൻ ഒരു കോഴ്സാരംഭിച്ച 1956ൽ തന്നെയാണ് ഫ്രാൻസിൽ സോഷ്യോളജി ഓഫ് ലാംഗ്വേജ് എന്ന ശീർഷകത്തിലുള്ള മാർസെൽ കോഹന്റെ ഗ്രന്ഥം പുറത്തിറങ്ങുന്നത്. ഭാഷയെ സാമൂഹിക സന്ദർഭങ്ങളോട് ചേർത്തുവച്ചാണ് വിശകലനം ചെയ്യേണ്ടത് എന്ന ആശയത്തിന് എഴുപതുകളോടെ സമ്മതി കൈവന്നുവെങ്കിലും അതിന്റെ സമൂഹശാസ്ത്രമാനങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ ലഭിച്ചില്ല. ഇക്കാരണം കൊണ്ട് സമൂഹശാസ്ത്രവൃത്തങ്ങളിലും ഭാഷാശാസ്ത്രവൃത്തങ്ങളിലും രണ്ടു പ്രയോഗങ്ങളും (സോഷ്യോലിംഗ്വിസ്റ്റിക്സ്, സോഷ്യോളജി ഓഫ് ലാംഗ്വേജ്) ഒന്നായിക്കാണുന്ന അവസ്ഥവന്നു. ഗുമ്പേഴ്സിനെയും (1971) ബ്രൈറ്റിനെയും (1992) പോലുള്ള ചില ഭാഷാശാസ്ത്രജ്ഞരാകട്ടെ രണ്ടിനെയും രണ്ട് വിജ്ഞാനധാരകളായി വീക്ഷിക്കാനാണ് ശ്രമിച്ചത്. സൈദ്ധാന്തിക സമീപനതലങ്ങളിൽ ഭാഷയുടെ സമൂഹശാസ്ത്രത്തിൽനിന്ന് വ്യതിരിക്തസ്വത്വം നിലനിറുത്തുക എന്നതായിരുന്നു അക്കാലത്തെ സാമൂഹികഭാഷാശാസ്ത്രജ്ഞരിൽ ഏറെ പേരുടെയും താത്പര്യം. ഫെർഗ്യൂസന്റെ ലാംഗ്വേജ് ആന്റ് സൊസൈറ്റി എന്ന റിവ്യൂ (1972) ഫിഷ്മാൻ മുന്നോട്ടുവച്ച സമൂഹശാസ്ത്ര സമീപനങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകിയില്ല. ഫിഷ്മാന്റെ നേതൃത്വത്തിലാരംഭിച്ച ഇന്റർനാഷണൽ ജേണൽ ഓഫ് സോഷ്യോളജി ഓഫ് ലാംഗ്വേജിനോടും (1973) ഭാഷാശാസ്ത്രജ്ഞർ ആദ്യകാലത്ത് പുറംതിരിഞ്ഞുനിന്നു. ഒരേ സമയം ഭാഷാശാസ്ത്രത്തിന്റെയും സോഷ്യോളജിയുടെയും ഊന്നുവടികളുപയോഗിച്ച് ഈ രംഗത്ത് ശക്തമായ മുന്നേറ്റം സ്വപ്നം കണ്ടിരുന്ന ഫിഷ്മാന് അക്കാലത്ത് നിരാശനാകേണ്ടി വന്നു. സാമൂഹികഭാഷാശാസ്ത്രത്തെയും ഭാഷയുടെ സമൂഹശാസ്ത്രത്തെയും പാടേ വേലിതിരിച്ചു നിർത്തുവാനുള്ള ചില സാമൂഹികഭാഷാശാസ്ത്രജ്ഞരുടെ ശ്രമങ്ങളെ [ഉദാ: ഹഡ്സൺ (1996) കൗൽമാസ് (1997)] "വൈജ്ഞാനിക സർവാധിപത്യ"(disciplinary imperialism) പ്രവണതയായാണ് മൗലീൻ (2022) വീക്ഷിക്കുന്നത്. ഭാഷയുടെ സമൂഹശാസ്ത്രത്തെ സാമൂഹ്യസന്ദർഭത്തിലുള്ള ഭാഷാപഠനത്തിന്റെ സ്ഥൂലതലമായും സാമൂഹികഭാഷാശാസ്ത്രത്തെ അതിന്റെ സൂക്ഷ്മതലമായും വേർതിരിച്ചു നിറുത്തുവാനാണ് ഹഡ്സണെ (1996) പോലുള്ളവർ ശ്രമിച്ചത്.

[illegible]
സ്ത്രത്തിന് അടിത്തറയേകിയ [illegible]
ബെൺസ്റ്റീനെ (1971) പോലുള്ള സമൂഹശാസ്ത്രജ്ഞർ സജീവ പങ്കാളികളായിരുന്നു. ചെസ്റ്റർ എൽ. ഹണ്ടും (1966) അലൻ ഡി. ഗ്രിംഷായുമൊക്കെ (1971) ഭാഷയിലൂടെ പഠനം നടത്തിയ സമൂഹശാസ്ത്രജ്ഞരാണ്. ഭാഷയിലൂടെ സമൂഹത്തെ തിരിച്ചറിയുന്ന കാര്യത്തിൽ മുമ്പേ നടന്നവർ സമൂഹശാസ്ത്രജ്ഞർ തന്നെയാണെന്ന് ലബോവ് (1972) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഹാർവി സാക്സ് (1972) ഇമ്മാനുവൽ എ. ഷെഗ്ലോഫ് (1968) തുടങ്ങിയ സോഷ്യോളജിസ്റ്റുകൾ ഇല്ലായിരുന്നുവെങ്കിൽ സാമൂഹികഭാഷാശാസ്ത്രത്തിന്റെ അടിത്തറ ഇത്രയേറെ ഭദ്രമാകുമായിരുന്നില്ലെന്ന് അദ്ദേഹം അടിവരയിടുന്നു. "സമൂഹശാസ്ത്രത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ പലതും ഭാഷാവിശകലനത്തിന് വേണ്ടുവോളം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സംഭാഷണവിശകലനത്തിന് ഹരോൾഡ് ഗാർഫിങ്കലിന്റെ എത്ത്നോമെത്തഡോളജിയുടെ സൈദ്ധാന്തിക ചട്ടക്കൂട് പ്രയോജനപ്പെടുത്തിയവരിൽ പ്രധാനികളാണ് ഇർവിൻ ഗോഫ്മാന്റെ ശിഷ്യരായ ഷെഗ്ലോഫും (1968) സാക്സും (1972). തന്റെ ഗവേഷണഫലങ്ങൾക്ക് ഗോഫ്മാനോടുള്ള കടപ്പാട് ഗുമ്പേഴ്സും (2001) രേഖപ്പെടുത്തിയിട്ടുണ്ട്" (മൗലീൻ 2022). ഇന്ന് സാമൂഹികഭാഷാശാസ്ത്രം വലിയൊരളവോളം സമൂഹശാസ്ത്ര സങ്കല്പനങ്ങളെ ആശ്രയിക്കുന്ന നിലയിലേക്ക് വളർന്നിരുന്നു. ഇതിന് കാരണമായത് ജോഷ്വാ എ. ഫിഷ്മാന്റെ സൈദ്ധാന്തിക-രീതിശാസ്ത്ര സമീപനവഴികളാണ്. നിലവിൽ അതീവ ദുർബലമായ അതിരുകളോടെ പരസ്പരം കൊണ്ടും കൊടുത്തുമാണ് സാമൂഹികഭാഷാശാസ്ത്രവും ഭാഷയുടെ സമൂഹശാസ്ത്രവും നിലകൊള്ളുന്നതെന്നുകാണാം.

**ജോഷ്വാ എ. ഫിഷ്മാനും ഭാഷയുടെ സമൂഹശാസ്ത്രവും**

സാമൂഹികമനഃശാസ്ത്രത്തിലാണ് (social psychology) അക്കാദമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതെങ്കിലും മാക്സ് വെയ്ൻറെയ്ക്കിന്റെയും യൂറിയെൽ വെയ്ൻറെയ്കിന്റെയും യിദ്ദിഷ് ഭാഷയെക്കുറിച്ചുള്ള പഠനങ്ങൾ ഫിഷ്മാന്റെ ചിന്തകളെ ഏറെ സ്വാധീനിച്ചിരുന്നു. സാമൂഹിക സാംസ്കാരിക പരിസരങ്ങളോട് ചേർത്തുവെച്ച് ഭാഷയെ നോക്കിക്കാണുവാനുള്ള ഫിഷ്മാന്റെ താത്പര്യം വികസിപ്പിക്കുന്നതിൽ ജോസഫ് ബ്രാമിന്റെ 'ഭാഷയും സമൂഹവും' എന്ന ഗ്രന്ഥവും പങ്കുവഹിച്ചതായി സോഷ്യോളജി ഓഫ് ലാംഗ്വേജ് ആന്റ് റിലിജിയനുവേണ്ടിയുള്ള വെബ്സൈറ്റിൽ സ്പോൾസ്കി (2015) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "പിൽക്കാലത്ത് ഫിലാഡൽഫിയ സർവകലാശാലയിൽ സാമൂഹ്യശാസ്ത്രത്തിൽ അസോസിയേറ്റ് പ്രൊഫസറായി ജോലി ചെയ്യവെയാണ് ഭാഷയുടെ സമൂഹശാസ്ത്രമെന്ന പേരിൽ അദ്ദേഹം കോഴ്സുകൾ നൽകുന്നത്. ഈ കോഴ്സിന് ലഭിച്ച സ്വീകാര്യതയും അത് ഭാഷാശാസ്ത്ര-സമൂഹശാസ്ത്ര മണ്ഡലങ്ങളിലുണ്ടാക്കിയ ചലനവും മൂലം അദ്ദേഹം [illegible]

ത്തിനായി ന്യൂയോർക്കിലെ യെഷിവ സർവകലാശാലയിൽ മനഃശാസ്ത്രത്തിന്റെയും സമൂഹശാസ്ത്രത്തിന്റെയും പ്രൊഫസറായി ചേർന്ന അദ്ദേഹം ഭാഷയും പെരുമാറ്റവും, ദ്വിഭാഷാ വിദ്യാഭ്യാസത്തിന്റെ മനഃശാസ്ത്രം തുടങ്ങിയ മേഖലകളിൽ നൂതന ഗവേഷണപദ്ധതികൾ ആവിഷ്കരിച്ചു'' (ഇതേ ജീവചരിത്രക്കുറിപ്പ്).

സാമൂഹികഭാഷാശാസ്ത്രം ഒരു ജ്ഞാനപദ്ധതിയായി രൂപംകൊള്ളുന്നതിൽ സുപ്രധാന നാഴികക്കല്ലായിത്തീർന്ന 1964 ലെ സാമൂഹികഭാഷാശാസ്ത്ര സെമിനാർ ഇന്ത്യാന സർവകലാശാലയിൽ നടക്കുമ്പോഴേക്കും ''ഭാഷയുടെ സമൂഹശാസ്ത്രത്തിലുള്ള ഫിഷ്മാന്റെ പരീക്ഷണങ്ങൾ ഏറെ മുന്നോട്ടുപോയിക്കഴിഞ്ഞിരുന്നു. സാമൂഹികഭാഷാശാസ്ത്രപക്ഷക്കാരായ ഗുമ്പേഴ്സ്, ഹേഗൻ, ലബോവ്, ബ്രൈറ്റ്, ഇർവിൻ, റൂബിൻ, ഗ്രിംഷോവ് തുടങ്ങിയ പ്രധാനികളുടെ സമീപനങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു ഈ സെമിനാറിൽ ഫിഷ്മാൻ അവതരിപ്പിച്ച വീക്ഷണഗതികൾ. 'Language Loyalty in the United States' എന്ന ഗവേഷണ റിപ്പോർട്ട് സെമിനാറിന് മുമ്പുതന്നെ അദ്ദേഹം യു.എസിലെ വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിരുന്നു. 1968-ലാണ് അദ്ദേഹത്തിന്റെ Readings in the Sociology of Language പ്രസിദ്ധീകരിക്കുന്നത്. ഈ ഗ്രന്ഥത്തിൽ അദ്ദേഹം ഉന്നയിച്ച കാതലായ ചോദ്യങ്ങളാണ് -Who Speaks What Language to Whom and When?- പിന്നീട് ഭാഷയുടെ സമൂഹശാസ്ത്രത്തിന്റെയും സാമൂഹികഭാഷാശാസ്ത്രത്തിന്റെയും ദിശ നിർണയിച്ചത്. ഭാഷയുടെ സമൂഹശാസ്ത്രത്തെക്കുറിച്ചുള്ള ഫിഷ്മാന്റെ കാഴ്ചപ്പാട് ഇനി പറയും വിധമാണ്. മനുഷ്യവ്യവഹാരത്തിന്റെ രണ്ട് അടരുകളുടെ -ഭാഷോപയോഗവും വ്യവഹാരരൂപങ്ങളുടെ സാമൂഹികതയും-പാരസ്പര്യമാണ് ഭാഷയുടെ സമൂഹശാസ്ത്രം പരിശോധിക്കുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ ഭാഷാവ്യവഹാരങ്ങളോടും ഭാഷകരോടുമുള്ള സാമൂഹിക മനോഭാവങ്ങളുടെ സൂക്ഷ്മ വിശകലനമായിരിക്കണം ഭാഷയുടെ സമൂഹശാസ്ത്രത്തിന്റെ മുഖ്യപരിഗണന. ഭാഷയിലൂടെ സാമൂഹികമായി ക്രമീകരിക്കുന്ന പെരുമാറ്റം മാത്രമല്ല ഭാഷയോടുള്ള മനോഭാവമെന്ന നിലയിൽ സമൂഹം രൂപപ്പെടുത്തുന്ന പെരുമാറ്റം കൂടിയാണ് ഭാഷയുടെ സമൂഹശാസ്ത്രം പരിഗണിക്കുന്നത്'' (ഫിഷ്മാൻ 1991:2). ഫിഷ്മാന്റെ ഈ വീക്ഷണത്തോടെയാണ് ഭാഷാവ്യതിചലനം, ഭാഷാസംരക്ഷണം, ഭാഷാസൂത്രണം തുടങ്ങിയവ സാമൂഹികഭാഷാശാസ്ത്രകാര്യത്തെക്കാൾ ഭാഷയുടെ സമൂഹശാസ്ത്രത്തിന്റെ പഠനമേഖലയെന്ന നിലയിലേക്ക് വികസിച്ചത്.

**സാമൂഹികഭാഷാശാസ്ത്രവും ഭാഷയുടെ സമൂഹശാസ്ത്രവും: സജാതൃവൈജാതൃങ്ങൾ**

സാമൂഹികഭാഷാശാസ്ത്രവും ഭാഷയുടെ സമൂഹശാസ്ത്രവും പുറം തിരിഞ്ഞു നിൽക്കുന്ന ഇരട്ട സഹോദരങ്ങളാണോ, അവ തമ്മിൽ എത്രത്തോളം അടുത്തും അകന്നുമിരിക്കുന്നു എന്നീ ചോദ്യങ്ങൾക്ക് ഫിഷ്മാൻ 1967 ൽ കാനഡയിൽ നടന്ന കോൺഫറൻസിൽ വ്യക്തമായ ഉത്തരം നൽകിയിട്ടുള്ളതായി ഗാർസിയ (2006) രേഖപ്പെടുത്തിയിട്ടുണ്ട്. ''ആധുനിക സാമൂഹികഭാഷാശാസ്ത്ര സമീപനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതായിരുന്നു അദ്ദേഹം അവതരിപ്പിച്ച The Description of Societal Bilingualism എന്ന പ്രബന്ധം. Kelley (1967) എഡിറ്റുചെയ്ത് പ്രസിദ്ധീകരിച്ച ആ കോൺഫറൻസിന്റെ പ്രബന്ധശേഖരങ്ങളിലുൾപ്പെടുത്തിയ ലേഖനത്തിലും Bilingualism in the Barrio (1971) എന്ന ഗ്രന്ഥത്തിലും സൂക്ഷ്മഭാഷാപ്രക്രിയകൾക്ക് വേണ്ടതിലേറെ പ്രാധാന്യം നൽകിപ്പോന്ന സാമൂഹികഭാഷാശാസ്ത്രസമീപനങ്ങളെ ഫിഷ്മാൻ വിമർശനാത്മകമായി പരിശോധിക്കുന്നുണ്ട്''(അതേ ലേഖനം). സാമൂഹിക ചരാധിഷ്ഠിത പഠനങ്ങളുടെ നിരന്തരമായ ആവർത്തനം ഭാഷയിലെ സാമൂഹിക യാഥാർഥ്യങ്ങളിലേക്കുള്ള അന്വേഷണങ്ങളുടെ ഏകാഗ്രതയും മൂർച്ചയും കെടുത്തുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ''അതിരു കവിഞ്ഞ വിശദീകരണങ്ങളിലൂടെയും സൂക്ഷ്മ നോട്ടങ്ങളിലൂടെയും സത്ത നഷ്ടപ്പെടും വിധമല്ലുള്ള ചരാധിഷ്ഠിത സാമൂഹികഭാഷാശാസ്ത്രനോട്ടങ്ങൾ സാമൂഹികമാറ്റത്തിന്റെ ഭാഗമായി ഉടലെടുക്കുന്ന ദ്വിഭാഷിത്വമാതൃകകളെ കൃത്യമായി വിശദീകരിക്കാൻ പര്യാപ്തമല്ല''(ഫിഷ്മാൻ 1971:610).

1972 ലെത്തിയപ്പോഴേക്കും സാമൂഹികഭാഷാശാസ്ത്ര സമീപനങ്ങളോട് അദ്ദേഹത്തിനുള്ള വിപ്രതിപത്തി വർധിച്ചതായി Language in Socio-cultural change എന്ന കൃതിയിൽ കാണാം. സാമൂഹികഭാഷാശാസ്ത്രം എന്ന പദപ്രയോഗത്തിൽ സാമൂഹികം എന്ന വാക്കുണ്ടെങ്കിൽ പോലും അതിന്റെ പരിഗണന ഭാഷാശാസ്ത്രമാണ്. ഭാഷാശാസ്ത്രമേധാവിത്വമാണ് അതിന്റെ മുഖമുദ്ര (ഫിഷ്മാൻ 1972:268). അദ്ദേഹം തുടരുന്നു : ''സൂക്ഷ്മഭാഷാശാസ്ത്രത്തിന്റെ ആടയാഭരണങ്ങളുപേക്ഷിക്കാതെയാണ് സാമൂഹികഭാഷാശാസ്ത്രം പ്രയാണം തുടരുന്നത്. സാമൂഹികം അതിലെ പുറംപൂശുമാത്രമായി ചുരുങ്ങുന്നു. അതിനാൽ പുതുജീവന്റെ തുടിപ്പോടെ എന്റെ മനസ്സിൽ പുനർജനിക്കുന്നത് ഭാഷയുടെ സമൂഹശാസ്ത്രം എന്ന നവ്യമായൊരു ചിന്താധാരയാണ്.................... താരതമ്യാത്മക സാമൂഹികചരിത്രം, സാമൂഹികഭൂശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം തുടങ്ങിയ നിരവധി വിജ്ഞാനശാഖകളിൽ ഭാഷാശാസ്ത്രത്തിന്റെ ശാസ്ത്രഭാരം വഹിക്കാതെ തന്നെ ഓജസ്സോടെ പടർന്നുകയറാൻ ഭാഷയുടെ സമൂഹശാസ്ത്രത്തിന് സാധിക്കും''(അതേ ഗ്രന്ഥം 270, 272).

തുടർന്ന് അതേ വർഷം (1972) തന്നെ പ്രസിദ്ധീകരിച്ച ''The Sociology of Language : An Interdisciplinary Social Science Approach to Language in Society'' എന്ന ഗ്രന്ഥത്തിന്റെ ശീർഷകം അദ്ദേഹത്തിന്റെ സൈദ്ധാന്തിക-രീതിശാസ്ത്ര സമീപനം സുതാര്യമാക്കുന്നു. 1968-72 കാലയളവിൽ മാത്രമാണ് അദ്ദേഹം സാമൂഹികഭാഷാശാസ്ത്രം എന്ന പദം കാര്യമായി ഉപയോഗിച്ചത്. ഇക്കാലയളവിൽ അദ്ദേഹത്തിന്റെ പത്തോളം ലേഖന ശീർഷകങ്ങളിൽ ''Sociolinguistics'' എന്ന പദം കടന്നു വന്നിട്ടുണ്ടെന്ന് ഗാർസിയ (2006) ചൂണ്ടിക്കാണിക്കുന്നു. 70 കളിലും 80കളിലും തന്റെ മിക്ക ലേഖനങ്ങൾക്കും ''Sociology of Language'' എന്ന മേൽവിലാസം നൽകി പുതിയൊരു വൈജ്ഞാനികസമുച്ചയത്തിന്റെ അസ്തിവാരമുറപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ഫിഷ്മാൻ

ശാസ്ത്ര സമീപനങ്ങൾ 1990കൾ വരെ ഭാഷാശാസ്ത്രവൃത്തങ്ങളിലും സജീവമായി നിലനിന്നുവെന്ന് ഭാഷയുടെ സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട് ഇക്കാലയളവിലുണ്ടായ പഠനങ്ങളുടെ ആധിക്യം ചൂണ്ടിക്കാട്ടി ഗാർസിയ (2006) തെളിയിക്കുന്നു. എന്നാൽ 90കൾക്കു ശേഷമുള്ള ഏതാനും വർഷങ്ങളിൽ മധ്യവയസ്സു പിന്നിടുമ്പോഴുള്ള മന്ദീഭാവത്തിന് സമാനമായ ഒരു മുരടിപ്പ് ഭാഷയുടെ സമൂഹശാസ്ത്രത്തിൽ വന്നുപെട്ടതായും ഈ മേഖലയിലെ പഠനങ്ങളുടെ ഗുണാത്മകവിശകലനത്തിലൂടെ ഗാർസിയ (അതേ ഗ്രന്ഥം) സ്ഥാപിച്ചിട്ടുണ്ട്. സാമൂഹികഭാഷാശാസ്ത്രം പോലും സാമൂഹികം, ഭാഷ എന്നീ രണ്ടു കാലുകളിൽ നടക്കുന്നതിനുപകരം ഏറിയകൂറും ഭാഷയുടെ കാലുകളിലാണ് നടന്നതെന്നും തളരുമ്പോൾ പകരമുപയോഗിക്കുവാനുള്ള ഒന്നു മാത്രമായി 'സാമൂഹികം' ചുരുങ്ങിയെന്നും ഒരു പരാതിയെന്നപോലെ ഫിഷ്മാൻ (1992 : 128) തന്നെ തുറന്നടിച്ചിരുന്നു. 'സാമൂഹികം' മുഖ്യമാക്കൂ എന്ന് നിരന്തരം മുറവിളിക്കൂട്ടിയെങ്കിലും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അന്ത്യമെത്തിയിട്ട് പോലും ഭാഷാശാസ്ത്രം ആകാരവും സമൂഹശാസ്ത്രം അലങ്കാരവും മാത്രമായി തുടരുന്ന സാമൂഹികഭാഷാശാസ്ത്രത്തിന്റെ പരുക്കൻ മട്ടിന് വിധേയനായി നിലപാടുകളിൽ അയവുവരുത്താൻ ഫിഷ്മാൻ നിർബന്ധിതനായിത്തീർന്നു. ഇക്കാലായപ്പോഴേയ്ക്കും ഭാഷയുടെ സമൂഹശാസ്ത്രമെന്ന കടിഞ്ഞാൺ കൈവെടിയാതെ തന്നെ സാമൂഹികഭാഷാശാസ്ത്ര ഭൂമികയിലേക്ക് തിരിച്ചെത്തി അദ്ദേഹം പ്രയാണം തുടരുന്നതായി കാണാം. ഭാഷയുടെ സമൂഹശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും ആലിംഗനത്തിന് കളമൊരുക്കും വിധമാണ് 1999–ൽ അദ്ദേഹം എഡിറ്റു ചെയ്തു പുറത്തിറക്കിയ "Handbook of Language and Ethnic Identity" എന്ന ഗ്രന്ഥത്തിന്റെ സംവിധാനം. തുടർന്നുള്ള ജീവിതകാലമത്രയും (2015 വരെ) സാമൂഹികഭാഷാശാസ്ത്രത്തിനകത്ത് ഇരിപ്പിടമുറപ്പിച്ചുകൊണ്ടുതന്നെ ഭാഷാഘടകങ്ങളുടെയും സാമൂഹികഘടകങ്ങളുടെയും സന്തുലനം ഉറപ്പുവരുത്തുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചത്. സാമൂഹികഭാഷാശാസ്ത്രത്തെ ഭാഷയുടെ സാമൂഹികഭാഷാശാസ്ത്രമെന്നും (sociolinguistic of language) സമൂഹത്തിന്റെ സാമൂഹികഭാഷാശാസ്ത്രമെന്നും (sociolinguistics of society) രണ്ടായി പിളർക്കാൻ ശ്രമിച്ച ഹഡ്സന്റെയും സംഘത്തിന്റെയും (1984) ശ്രമങ്ങൾക്ക് ഫിഷ്മാൻ ഇതിനകം കനത്തപ്രഹരം നൽകിക്കഴിഞ്ഞിരുന്നു. "ഭാഷാവ്യവഹാരവും സാമൂഹികവ്യവഹാരവും സർവസമരാണ്. ഒന്ന് മറ്റൊന്നിനെക്കാൾ വലുതുമല്ല ചെറുതുമല്ല" (ഫിഷ്മാൻ 1985: 301) എന്ന പ്രസ്താവത്തിലൂടെ ഇവ രണ്ടിന്റെയും സങ്കല്പനങ്ങളിലും രീതിശാസ്ത്രത്തിലുമുള്ള പരസ്പരപൂരകത്വത്തിന് അദ്ദേഹം കട്ടിയേറിയ അടിവരയിട്ടു. പരസ്പരം തിരിച്ചറിയാനായി മാത്രമണിഞ്ഞ വസ്ത്രങ്ങളഴിച്ചുവച്ച് സമൂഹശാസ്ത്രവും ഭാഷാശാസ്ത്രവും ഗമനമധ്യേ ഏതെങ്കിലുമൊരുഘട്ടത്തിൽ ഇഴുകിച്ചേരുമെന്നുതന്നെ ഫിഷ്മാൻ ഉടനീളം സങ്കൽപ്പിച്ചു. ഇത് താഴെക്കൊടുത്ത അദ്ദേഹത്തിന്റെ വാക്കുകളിൽ വ്യക്തമാകും. "ഞാൻ പ്രവാചകനോ പ്രവാചകപുത്രനോ അല്ല. എന്റെ മനച്ചായ്വുകളെന്തെന്ന് വ്യക്തമായ ബോധ്യമുണ്ട്. അവയിൽ പലതും വെളിപ്പെടുത്താതിരിക്കേണ്ട വിചിത്ര സങ്കല്പങ്ങ... നിങ്ങൾ സങ്കൽപ്പിക്കുന്ന

...വിളക്കിച്ചേർക്കുവാനുള്ള ... ഭാഷാനയം, ഭാഷാസൂത്രണം എന്നീ മേഖലകളിലെ ഫിഷ്മാനിയൻ ചിന്തകളിൽ വായിച്ചെടുക്കാനാകും.

**ബഹുഭാഷിത്വം: ഫിഷ്മാനിയൻ സമൂഹശാസ്ത്രവീക്ഷണത്തിൽ**

മനഃശാസ്ത്രജ്ഞരും സമൂഹശാസ്ത്രജ്ഞരും 1960 കൾ വരെ നോക്കിക്കണ്ടിരുന്നതിൽ നിന്ന് ഭിന്നമാണ് ഉഭയഭാഷിത്വത്തെക്കുറിച്ചുള്ള ഫിഷ്മാനിയൻ വീക്ഷണങ്ങൾ. സന്തുലിത ഉഭയഭാഷിത്വം (balanced bilingualism), പ്രബലത (dominance) എന്നീ സങ്കല്പനങ്ങളായിരുന്നു ഉഭയഭാഷിത്വത്തെ സംബന്ധിച്ച ചർച്ചകളിൽ അതുവരെ മുഴച്ചു നിന്നത്. രണ്ടിൽ ഏത് ഭാഷയാണ് ഉഭയഭാഷികളിൽ പ്രബലം എന്ന് നിശ്ചയിക്കുവാനുള്ള മനഃശാസ്ത്രജ്ഞരുടെ വിവർത്തനവേഗപ്പരിശോധനയെ (translation speed test) ഫിഷ്മാൻ നഖശിഖാന്തം എതിർത്തു. ഉഭയഭാഷികളുടെ പ്രബലഭാഷ (ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഭാഷ) അവർക്ക് പാടവം കൂടുതലുള്ള ഭാഷയാണെന്ന് കരുതാനാവില്ലെന്ന് അദ്ദേഹം തെളിയിച്ചു. മനഃശാസ്ത്രജ്ഞർ വിഭാവനം ചെയ്ത പ്രാബല്യപ്പരിശോധനാസങ്കല്പം തികച്ചും യാന്ത്രികമാണെന്ന് സ്ഥാപിക്കാൻ ഫിഷ്മാന് (1971:557) പ്രയാസപ്പെടേണ്ടിവന്നില്ല. ഉഭയഭാഷകരുടെ ഭാഷോപയോഗത്തോതും ഭാഷാനൈപുണിയും തമ്മിലുള്ള പൊരുത്തമില്ലായ്മ ഫിഷ്മാനിയൻ സങ്കല്പനത്തിലൂന്നി പിൽക്കാലത്ത് Kangas (1988) ശാസ്ത്രീയമായി സ്ഥാപിച്ചിട്ടുണ്ട്. ഭാഷോപയോഗത്തോതിനെ വൈയക്തികനൈപുണിയുമായി മാത്രം ബന്ധപ്പെടുത്തിയ മനഃശാസ്ത്ര-ഭാഷാശാസ്ത്രവൃത്തങ്ങളുടെ സമീപനങ്ങളിൽ കാതലായ മാറ്റം വരുത്താൻ സമൂഹശാസ്ത്രഘടകങ്ങളിലൂന്നിയ ഫിഷ്മാന്റെ സൈദ്ധാന്തിക സമീപനത്തിന് സാധിച്ചു. ഭാഷയുടെ സമൂഹശാസ്ത്രത്തിന് അസ്ഥിവാരമുറപ്പിക്കാൻ ഫിഷ്മാനെ സഹായിച്ചത് ഈ ദിശയിലുള്ള അന്വേഷണങ്ങളാണ്. സമൂഹശാസ്ത്രഘടകങ്ങളുടെ പിൻബലത്തിൽ സന്തുലിത ഉഭയഭാഷിത്വം എന്നൊന്നില്ലെന്ന് സ്ഥാപിച്ച ഫിഷ്മാൻ ഭാഷാവ്യവഹാരത്തിൽ പ്രയോഗമണ്ഡലങ്ങളുടെ (domain) പ്രാധാന്യം അടിവരയിട്ടു. ഉഭയഭാഷിത്വം പ്രയോഗമണ്ഡലങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം പരക്കെ അംഗീകരിക്കപ്പെട്ടു. യൂറോപ്പിലെ പല രാജ്യങ്ങളിലും പിന്നീട് യാഥാർഥ്യമായ വിവിധഭാഷിത്വത്തെക്കുറിച്ച് (plurilingualism)' ദശാബ്ദങ്ങൾക്കു മുമ്പ് പ്രവചിയ്ക്കാൻ ഫിഷ്മാന് സഹായകമായത് സമൂഹശാസ്ത്ര ഘടകങ്ങളെക്കുറിച്ചുള്ള ആഴമേറിയ ഉൾക്കാഴ്ചയാണ്. സന്തുലിത ഉഭയഭാഷിത്വം അസാധ്യമാണെന്ന ഫിഷ്മാന്റെ നിരീക്ഷണം ശരിവയ്ക്കുന്നതാണ് യൂറോപ്പുൾപ്പടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് കാണുന്ന പ്ലൂരിലിംഗ്വലിസം.

യൂറിയെൽ വെയ്ൻറെയ്ക്കിന്റെ (1953) ലാംഗ്വേജ് ഇൻ കോണ്ടാക്ട് എന്ന കൃതിയ്ക്ക് ശേഷം ഉഭയഭാഷിത്വത്തെ ഭാഷാ...

നോക്കിക്കണ്ടിരുന്ന ഭാഷാശാസ്ത്രവൃത്തത്തിൽ സൈദ്ധാന്തികമായ വിള്ളൽ വീഴ്ത്താൻ ഫിഷ്മാന്റെ സമൂഹശാസ്ത്രപ്രധാനമായ ഉഭയഭാഷിത്വവിശകലനത്തിന് സാധിച്ചു. ഉഭയഭാഷിത്വം ഭാഷകൾ തമ്മിലുള്ള ബന്ധത്തിൽ നിന്നു മാത്രമുരുത്തിരിയുന്ന പ്രക്രിയ (inter group phenomena) അല്ലെന്നും അത് ഭാഷയ്ക്കകത്തുതന്നെ സംഭവിക്കാവുന്ന (intra group) ഒന്നാണെന്നുമാണ് ഫിഷ്മാൻ തെളിയിച്ചത്. ബക്തിൻ (1981), ഭാഭ (1994) തുടങ്ങിയവർ ഉത്തരാധുനിക സാഹിത്യ വിശകലനത്തിൽ മുന്നോട്ടുവച്ച ബഹുസ്വരത എന്ന സങ്കല്പനത്തിൽ ഫിഷ്മാനിയൻ ചിന്തയുടെ നിഴലുകൾ കാണാമെന്ന് ഗാർസിയ (2006) ചൂണ്ടിക്കാട്ടുന്നു.

സാമൂഹിക-സാംസ്കാരിക സാന്ദർഭീകരണത്തിൽ അധിഷ്ഠിതമായാണ് ഫിഷ്മാൻ ബഹുഭാഷിതത്വത്തെക്കുറിച്ചുള്ള തന്റെ സൈദ്ധാന്തിക-രീതിശാസ്ത്ര നിലപാടുകൾ വ്യക്തമാക്കിയത്. ഗവേഷകരുടെ നിരീക്ഷണത്തെക്കാളും ഗവേഷണവിധേയമാക്കുന്ന ഭാഷകസമൂഹത്തിന്റെ വീക്ഷണത്തിനും മനോഭാവത്തിനുമായിരിക്കണം ഭാഷയുടെ സമൂഹശാസ്ത്രത്തിൽ മുൻതൂക്കം നൽകേണ്ടതെന്ന പക്ഷക്കാരനായിരുന്നു ഫിഷ്മാൻ. "ഭാഷാമനോഭാവം, ബഹുഭാഷിത്വം തുടങ്ങിയ പ്രക്രിയകളെക്കുറിച്ചുള്ള പഠനങ്ങളിൽ ഗണാത്മകദത്തത്തെ മാത്രം ആശ്രയിച്ച് സൃഷ്ടിച്ചെടുക്കുന്ന വിവരങ്ങളെക്കാൾ ഗണാത്മകദത്തപ്രധാനമല്ലാത്ത ആശയവിനിമയങ്ങളിലൂടെ ഭാഷകസമൂഹത്തിന്റെ വൈകാരികതയും മൂല്യബോധവും ഒപ്പിയെടുക്കുന്നതിനാണ് കൂടുതൽ സാംഗത്യം" (ഫിഷ്മാൻ 1971 : 8). ഹരോൾഡ് ഗാർഫിങ്കലിന്റെ എത്ത്നോമെത്തഡോളജിയോട് അടുത്ത് നിൽക്കുന്നതാണ് ഈ രീതിശാസ്ത്ര സമീപനം. എത്ത്നോഗ്രാഫിക് നിരീക്ഷണങ്ങളിലൂടെ വ്യതിരിക്തമനോഭാവവും ശീലവും പുലർത്തുന്ന കൂട്ടങ്ങളെ (clusters) തിരിച്ചറിയലാണ് ഈ രീതിശാസ്ത്രപദ്ധതിയിലെ ആദ്യപടി. ഓരോ കൂട്ടത്തെക്കുറിച്ചുമുള്ള പ്രാഥമികനിരീക്ഷണങ്ങളാണ് ഗവേഷണ പരികല്പനയെ നിർണയിക്കുന്നത്. അവയിലൂന്നി ഓരോ കൂട്ടവും കേന്ദ്രീകരിച്ച് നടത്തുന്ന തുടർനിരീക്ഷണങ്ങളും അഭിമുഖങ്ങളും ചോദ്യാവലി, മനോഭാവമാപിനി എന്നിവ ഉപയോഗിച്ചുള്ള അനുഭവനിഷ്ഠ വിവരശേഖരണവുമാണ് മുഖ്യ ഗവേഷണോപകരണങ്ങൾ.

## ബഹുഭാഷാസാഹചര്യപഠനം: ഫിഷ്മാനിയൻ സമൂഹശാസ്ത്രമാതൃക

ബഹുഭാഷാസാഹചര്യങ്ങളുടെ വിശകലനത്തിനായി ഫിഷ്മാൻ പ്രയോഗമണ്ഡലം (domain) എന്ന ആശയമാണ് അടിസ്ഥാനമായി സ്വീകരിച്ചത്. കുടുംബം, ബന്ധുത്വം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങൾ, പരസ്പരവിനിമയം നിർബന്ധമാക്കിത്തീർക്കുന്ന ഇടപെടൽ മേഖലകൾ എന്നിവയ്ക്കനുയോജ്യമായ ഭാഷാവ്യവഹാരങ്ങളുടെ ചേർച്ചയും സഹസ്ഥിതത്വവും പ്രയോഗമണ്ഡലം എന്ന സാങ്കേതിക സങ്കല്പനം ഉൾക്കൊള്ളുന്നുണ്ട് (ഫിഷ്മാൻ 1971: 567-86). വ്യവഹാരഭാഷോപയോഗമേഖലകൾ, ഭാഷകൾ, നിയതസാമൂഹിക സാഹചര്യങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം സുവ്യക്തമാക്കാൻ പ്രയോഗമണ്ഡലമെന്ന ആശയം ഗവേഷകരെ സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഭാഷാവിശകലന ഏകകങ്ങൾ സാമൂഹികയാഥാർഥ്യത്തോട് പൊരുത്തപ്പെടുന്നതാവണമെന്ന രീതിശാസ്ത്രകാർക്കശ്യമാണ് ഫിഷ്മാനെ പ്രയോഗമണ്ഡലമെന്ന ആശയത്തിലേക്കെത്തിച്ചത്. പ്രയോഗമണ്ഡലങ്ങൾ സാമൂഹികമായ ഇടപെടലുകളുടെയും പെരുമാറ്റങ്ങളുടെയും ഘടന വെളിപ്പെടുത്തുമെന്ന് അദ്ദേഹം കരുതി. "ബഹുഭാഷാ സാഹചര്യത്തിൽ ഏതേതു ഭാഷകളാണ് വിഭിന്നപ്രയോഗമണ്ഡലങ്ങളിൽ ഭാഷകർ തിരഞ്ഞെടുക്കുന്നത് എന്ന അന്വേഷണമാണ് ഭാഷോപയോഗപ്രവണതകൾ തിരിച്ചറിയുന്നതിന് എളുപ്പവും അധ്വാനലാഭമുള്ളതുമായ മാർഗം" (ഫിഷ്മാൻ 1972:80). പ്രയോഗമണ്ഡലങ്ങളുടെ കൂട്ടത്തിൽ കുടുംബത്തിനാണ് അദ്ദേഹം പ്രഥമ പരിഗണന നൽകിയത്. "ബഹുഭാഷിത്വത്തിന്റെ നിലനിൽപ്പ് കുടുംബമെന്ന സ്ഥാപനത്തെ ആശ്രയിച്ചിരിക്കുന്നു. തലമുറകളിലേക്ക് പകരുന്ന മാതൃഭാഷയുടെ അഭാവത്തിൽ ഭാഷാസംരക്ഷണവും പകരുന്ന ഭാഷയെ മുന്നോട്ടുകൊണ്ടുപോകലും അസാധ്യമായിത്തീരും" (ഫിഷ്മാൻ 1991:113).

ഭാഷാവ്യതിചലനത്തെ പിന്തിരിക്കൽ (Reversing Language Shift or RLS) എന്ന മാതൃക അവതരിപ്പിക്കവെയാണ് ഫിഷ്മാൻ മേൽപ്പറഞ്ഞ നിരീക്ഷണം അവതരിപ്പിച്ചത്. ഈ മാതൃകയുടെ ഭാഗമായി അദ്ദേഹം അവതരിപ്പിച്ച തലമുറാന്തര ഭാഷാപിളർപ്പിന്റെ ശ്രേണീകൃതതോതിലുള്ള (Graded Intergenerational Disruption Scale) ആറാം ഘട്ടം ഭാഷാസംരക്ഷണത്തിലും ഭാഷാവ്യതിചലനത്തെ പിന്തിരിക്കുന്നതിലും (RLS) നിർണായകമാണ്. അധികാരശ്രേണിയിൽ പ്രബലമല്ലാത്തതോ ഭാഷകരുടെ എണ്ണം വളരെക്കുറഞ്ഞതോ ആയ സാധാരണ ഭാഷയെന്ന നിലയിൽ, ഭാഷ അനൗപചാരിക വ്യവഹാരങ്ങളിലും കുടുംബത്തിനകത്തും സജീവമായി നിലനിൽക്കുന്നതാണ് ഈ ഘട്ടം. ആഗോളീകരണത്തെയും അത് സൃഷ്ടിക്കുന്ന ബഹുമുഖഭാഷാവ്യവഹാരങ്ങളെയും നിരീക്ഷിച്ചവേളയിലും ഭാഷാസംരക്ഷണകാര്യത്തിൽ കുടുംബമെന്ന സ്ഥാപനത്തിന് ഇന്റർനെറ്റ് സാങ്കേതികവിദ്യയെക്കാളും സ്വാധീനശേഷിയുണ്ടെന്ന് "ഗെമൈൻഷാഫ്റ്റുകളാണ്[2] ഭാഷാവ്യതിചലനത്തെ പിന്തിരിക്കുന്നതിനുള്ള (RLS) രഹസ്യായുധങ്ങൾ" (ഫിഷ്മാൻ 2001: 458) എന്ന അഭിപ്രായത്തിലൂടെ അദ്ദേഹം ഉറപ്പിക്കുന്നു.

## ഇരട്ടമൊഴിത്തത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ

ഫെർഗ്യൂസൺ (1959) അവതരിപ്പിച്ച ഇരട്ടമൊഴിത്തം (diglossia) എന്ന സങ്കല്പനത്തെ ബഹുഭാഷിത്വപഠനത്തിന്റെ ഭാഗമായി വിപുലീകരിച്ചതാണ് ജോഷ എ. ഫിഷ്മാന്റെ മറ്റൊരു സംഭാവന. മതം, വിദ്യാഭ്യാസം തുടങ്ങിയ മണ്ഡലങ്ങളിൽ മേത്തരമെന്ന് കരുതുന്ന ഭാഷാരീതിയും (H L - High Language) വീട്, തൊഴിലിടം, സൗഹൃദം തുടങ്ങിയ അനൗപചാരിക മണ്ഡലങ്ങളിൽ മാത്രം ഉപയോഗിക്കുന്ന കീഴ്തരമെന്ന് കരുതുന്ന ഭാഷാരീതിയും (L L - Low Language) ഒരു ഭാഷയ്ക്കകത്തുതന്നെ വേർതിരിവോടെ നിലനിൽക്കുന്ന സാഹചര്യത്തെക്കുറിച്ച് വിവരിക്കുവാനാണ് ഫെർഗ്യൂസൻ ഇരട്ടമൊഴിത്തം എന്ന സങ്കല്പനം അവതരിപ്പിച്ചത്. ഈ സങ്കല്പനത്തെ സമൂഹതലത്തിലു

ദേശീയതലത്തിലും നിലനിൽക്കുന്ന ദ്വിഭാഷിത്വപ്രതിഭാസവുമായി ബന്ധിപ്പിച്ച് വിപുലീകരിക്കുവാൻ ഫിഷ്മാന് സാധിച്ചു. "സ്ഥിരതയാർന്ന പ്രതിഭാസമെന്ന നിലയിൽ ക്രമികമായ ദ്വിഭാഷിത്വം സമൂഹതലത്തിൽ നിലനിൽക്കണമെങ്കിൽ രണ്ടു ഭാഷകളുടെയും വ്യാവഹാരിക ധർമങ്ങൾ കൃത്യമായി വ്യവച്ഛേദിക്കാനാകണം" (ഫിഷ്മാൻ 1971:560). ഓരോ ഭാഷയുടെയും ധർമവും കർത്തവ്യവും വേർതിരിക്കാനായില്ലെങ്കിൽ കൂട്ടത്തിൽ താരതമ്യേന പ്രബലമായ ഒന്ന് മറ്റതിനെ കീഴ്പ്പെടുത്തുകയും സമൂഹത്തെ ഏകഭാഷിത്വത്തിലേക്ക് നയിക്കുകയും ചെയ്യുമെന്ന് തെളിയിക്കാൻ ഫിഷ്മാന് സാധിച്ചു. ഉച്ച(H)-നിമ്ന(L) ഭാഷാരൂപങ്ങളുടെ വ്യാവഹാരിക ധർമങ്ങളിൽ വ്യവച്ഛേദനം അനുപേക്ഷണീയമാണെന്ന് സൂചിപ്പിക്കാൻ തന്റെ പഠനങ്ങളിലുടനീളം H/L എന്ന പ്രതീകം അദ്ദേഹം ഉപയോഗിച്ചു. H ഉം L ഉം തമ്മിലുള്ള അതിരുനിർണയത്തിന് വ്യക്തതയില്ലെങ്കിൽ സന്തുലിത ദ്വിഭാഷിത്വം മിഥ്യയായിത്തീരുമെന്നും ഫിഷ്മാൻ മുന്നറിയിപ്പു നൽകി. കൃത്യമായ ധർമം നിർവഹിക്കാനില്ലെങ്കിൽ ഏത് സമൂഹത്തിലും ഒന്നിലേറെ ഭാഷ അനാവശ്യമാണ് എന്ന നില കൈവരികയും അത് സന്തുലിത ദ്വിഭാഷിത്വത്തെ ബാധിക്കുകയും ചെയ്യും എന്നുള്ളതായിരുന്നു ഈ മുന്നറിയിപ്പിനു പിന്നിലെ യുക്തി (1971:140). തനത് അതിരുകൾ കാക്കുവാനാകാത്ത ഭാഷണസമൂഹങ്ങൾക്ക് എയ്ഡ്സ് രോഗികളുടേതിന് സമാനമായ പ്രതിരോധശോഷണമെന്ന ദുര്യോഗം കൈവരുമെന്ന് 1987-ൽ പ്രസിദ്ധീകരിച്ച Ideology, Society and Language എന്ന കൃതിയിൽ അദ്ദേഹം ഊന്നിപ്പറഞ്ഞതും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. പരസ്പരപൂരകമായ മൂല്യവ്യവസ്ഥകളായാണ് ഇരട്ടമൊഴിത്തത്തിനാസ്പദമായ ഇരുഭാഷാ രൂപങ്ങളെയും ഫിഷ്മാൻ വീക്ഷിച്ചത്. ദ്വിഭാഷിത്വത്തെ ഇരട്ടമൊഴിത്തത്തിൽ നിന്ന് വേർതിരിക്കുന്നതെന്തെന്ന കാര്യത്തിൽ അദ്ദേഹത്തിനുള്ള വ്യക്തമായ കാഴ്ചപ്പാട് താഴെ നൽകിയിരിക്കുന്ന ഉദ്ധരണിയിൽ വ്യക്തമാണ്. "വ്യക്തിതലത്തിലെ ഭാഷാപാണ്ഡിത്യത്തിനാണ് ഉഭയഭാഷിത്വത്തിൽ മുൻതൂക്കമെങ്കിൽ ഭിന്ന ഭാഷാവ്യവഹാരങ്ങൾക്ക് സമൂഹം വിഭജിച്ചു നൽകുന്ന കർത്തവ്യനിർവഹണപങ്കാണ് ഇരട്ടമൊഴിത്തത്തെ നിലനിർത്തുന്നത്" (ഫിഷ്മാൻ 1972: 145)

"ഇരട്ടമൊഴിത്തത്തെ ഉൾക്കൊള്ളുന്നതും അല്ലാത്തതുമായ ദ്വിഭാഷിത്വം; ദ്വിഭാഷിത്വത്തെ ഉൾക്കൊള്ളുന്നതും അല്ലാത്തതുമായ ഇരട്ടമൊഴിത്തം" എന്ന ലേഖനത്തിൽ (1967) ഇരട്ടമൊഴിത്തം, ദ്വിഭാഷിത്വം എന്നിവ ചേർന്നും ചേരാതെയുമിരിക്കുന്ന നാല് സാഹചര്യങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. അവ ഇനിപറയുന്നവയാണ്. 1) ദ്വിഭാഷിത്വത്തോടുകൂടിയുള്ള ഇരട്ടമൊഴിത്തം 2) ഇരട്ടമൊഴിത്തത്തോടുകൂടിയുള്ള ദ്വിഭാഷിത്വം 3) ഇരട്ടമൊഴിത്തമേയില്ലാത്ത ദ്വിഭാഷിത്വം 4) ഇരട്ടമൊഴിത്തവും ദ്വിഭാഷിത്വവും ഇല്ലാത്ത ഭാഷാചുറ്റുപാട്. ഇക്കൂട്ടത്തിൽ ആദ്യവിഭാഗമാണ് ഫിഷ്മാന്റെ സവിശേഷ ഗവേഷണശ്രദ്ധ നേടിയത്. വിദ്യാഭ്യാസഭാഷ സ്പാനിഷും ഗൃഹഭാഷ ഗ്വരാനിയുമായ പരാഗ്വേയിലെ ഭാഷാപരിസ്ഥിതിയാണ് ആദ്യ വിഭാഗത്തിന് ഉത്തമോദാഹരണമായി അദ്ദേഹം അവതരിപ്പിച്ചത്.

## ഭാഷാസംരക്ഷണവും ഭാഷാവ്യതിചലനവും

ഭാഷാവ്യതിചലനവും ഭാഷാസംരക്ഷണവും ഫിഷ്മാൻ ആവിഷ്കരിച്ച 'ഭാഷയുടെ സമൂഹശാസ്ത്രത്തിൽ' തുടക്കം മുതലേ മുഖ്യപരിഗണനാവിഷയങ്ങളായിരുന്നു. "പതിവ് ഭാഷോപയോഗത്തിലെ സ്ഥായിത്വത്തിനും ചാഞ്ചാട്ടത്തിനും സാമൂഹിക-സാംസ്കാരിക-മനഃശാസ്ത്ര പ്രക്രിയകളിലെ സ്ഥായിത്വവുമായും ചാഞ്ചാട്ടവുമായുമുള്ള സംബന്ധമാണ് ഭാഷാവ്യതിചലന-സംരക്ഷണപഠനം അന്വേഷിക്കുന്നത്" (ഫിഷ്മാൻ 1964). 1968-ൽ ഈ നിലപാട് താഴെക്കാണും വിധം പുനർനിർവചനത്തിന് വിധേയമാക്കി അദ്ദേഹം വിപുലീകരിക്കുന്നുണ്ട്.

"ഒരേ കൂട്ടായ്മയ്ക്കകത്തും വിവിധ കൂട്ടായ്മകൾ തമ്മിലുമുള്ള വിനിമയത്തിന് ഒന്നിലധികം ഭാഷണവകഭേദം പ്രയോജനപ്പെടുത്തുന്ന ജനതയുടെ പതിവുഭാഷോപയോഗത്തിലെ സ്ഥായിത്വത്തിനും ചാഞ്ചാട്ടത്തിനും സാമൂഹിക-സാംസ്കാരിക-മനഃശാസ്ത്ര പ്രക്രിയകളിലെ സ്ഥായിത്വവുമായും ചാഞ്ചാട്ടവുമായുമുള്ള സംബന്ധമാണ് ഭാഷാവ്യതിചലന- സംരക്ഷണ പഠനം അന്വേഷിക്കുന്നത്" (ഫിഷ്മാൻ 1968:76).

ആദ്യകാലത്ത് ഒരു കൂട്ടായ്മയ്ക്കകത്ത് മാത്രം നിലനിൽക്കുന്ന ദ്വിഭാഷിത്വത്തെ മാത്രമാണ് ഫിഷ്മാൻ പരിഗണിച്ചിരുന്നത്. മേൽപ്പറഞ്ഞ പുനർനിർവചനത്തിലൂടെ വിവിധ കൂട്ടായ്മകൾക്കിടയിലെ ദ്വിഭാഷിതത്വത്തെക്കൂടി അദ്ദേഹം പരിഗണിക്കുവാൻ തുടങ്ങി. ആഗോളീകരണ സാഹചര്യത്തിൽ വികസ്വരമായിക്കൊണ്ടിരുന്ന വിവിധ ലോകരാഷ്ട്രങ്ങളിലെ ദ്വിഭാഷാചുറ്റുപാടിലേക്കുള്ള നോട്ടങ്ങൾ ഭാഷാസൂത്രണത്തിന്റെ വിശാലമായ മേഖലയിലേക്കുള്ള താത്പര്യം വികസിപ്പിക്കാൻ അദ്ദേഹത്തെ സഹായിച്ചു. ഭാഷാസൂത്രണത്തോട് ചേർത്തുവച്ച് ഭാഷാവ്യതിചലനത്തെയും സംരക്ഷണത്തെയും പരിഗണിക്കുമ്പോൾ മൂന്ന് കാര്യങ്ങളാണ് പ്രധാനമായി പരിഗണിക്കേണ്ടതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

(1) പതിവുഭാഷോപയോഗത്തിൽ ദ്വിഭാഷിത്വത്തിന്റെ തോത് എത്രത്തോളമുണ്ടെന്നും അതിൽ സമൂഹശാസ്ത്രപ്രസക്തമായ ഘടകങ്ങളുടെ വ്യാപ്തി എന്തെന്നും.

(2) സാമൂഹിക-സാംസ്കാരിക-മനഃശാസ്ത്ര പ്രക്രിയകൾക്ക് പതിവ് ഭാഷോപയോഗത്തിലെ സ്ഥായിത്വവുമായോ ചാഞ്ചാട്ടവുമായോ ഉള്ള സംബന്ധം.

(3) മനോഭാവ-ധൈഷണിക-പ്രത്യക്ഷ വ്യവഹാരങ്ങളുൾപ്പെടെ ഭാഷാനുസാരിയായ എല്ലാ വ്യവഹാരങ്ങളും.

മേൽപ്പറഞ്ഞ നിലപാടുമാറ്റങ്ങളിലൂടെയും സമീപനവ്യതിയാനങ്ങളിലൂടെയും ഭാഷാസൂത്രണം സമൂഹശാസ്ത്രജ്ഞരുടെ കൂടി ബാധ്യതയായി അദ്ദേഹം ഉൾക്കൊള്ളുകയും അവതരിപ്പിക്കുകയും ചെയ്തു. ഇക്കാര്യം ഫിഷ്മാൻ (1966) വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധിക്കുക. "രോഗനിർണയത്തിൽ (ഗവേഷണാസൂത്രണം, ദത്തശേഖരണം, ദത്തവിശ...

കിത്സ (നയരൂപീകരണം, പ്രവർത്തനപദ്ധതി തയ്യാറാക്കൽ, സർക്കാറിനെ സഹായിക്കൽ തുടങ്ങിയവ) അവരുടെ മുഖ്യ പരിഗണനയാകുന്നില്ല............. പണ്ഡിതപ്പട്ടത്തിൽ നിന്ന് വിദഗ്ധോപദേശകന്റെയോ കർമോത്സുകന്റെയോ തലത്തിലേക്ക് അവർ അപൂർവമായേ ഉയരുന്നുള്ളൂ" (ഫിഷ്മാൻ 1966:16-17). പിൽക്കാലത്ത് സൈദ്ധാന്തികൻ എന്ന നിലവിട്ട് കർമോത്സുകനായ വിദഗ്ധോപദേശകനെന്ന നിലയിൽ ഫിഷ്മാൻ ഭാഷാസൂത്രണ-ഭാഷാനയമേഖലകളിൽ സജീവമായിരുന്നു.

**ഭാഷാവ്യതിചലനത്തിൽ നിന്ന് പിന്തിരിക്കൽ**
(Reversing Language Shift or RLS)

ഭാഷാനാശഭീഷണിയെക്കുറിച്ച് പല ഭാഷാശാസ്ത്രജ്ഞരും പരിതപിക്കുകമാത്രം ചെയ്തപ്പോൾ ഭാഷാവ്യതിചലനപ്രതിരോധത്തിനുള്ള സാമൂഹിക കർമപദ്ധതി ആവിഷ്കരിക്കുന്നതിലാണ് ഫിഷ്മാൻ ശ്രദ്ധിച്ചത്. അദ്ദേഹത്തിന്റെ RLS പദ്ധതി ഈ ദിശയിൽ ഏറെ മുന്നേറ്റമുണ്ടാക്കി. ഭാഷാവ്യതിചലനപ്രതിരോധത്തിന് എന്തുചെയ്യാനാകുമെന്ന ചിന്ത സാർവത്രികപ്രസക്തമാംവണ്ണം ഘട്ടംഘട്ടമായി നടപ്പിലാക്കാവുന്ന പ്രവർത്തനപദ്ധതികളാവിഷ്കരിക്കാൻ അദ്ദേഹത്തിന് പ്രേരകമായി. ദ്വിഭാഷാചുറ്റുപാടിൽ മങ്ങലേൽക്കുന്ന ഭാഷയുടെ സാമൂഹികധർമങ്ങൾ മുൻഗണനാക്രമമനുസരിച്ച് വീണ്ടെടുക്കുന്ന തരത്തിലായിരുന്നു ഈ പദ്ധതി. ഫിഷ്മാൻ മുന്നോട്ടുവച്ച തലമുറാന്തര ഭാഷാപിളർപ്പിന്റെ ശ്രേണീകൃതത്തോത് (Graded Intergenerational Discription Scale - GIDS) ഓരോ ഭാഷകസമൂഹത്തെയും തങ്ങളുടെ ഭാഷാനാശഭീഷണിയുടെ തോതറിയാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ളതായിരുന്നു. അതുനൽകുന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ അതത് ഭാഷകസമൂഹം തന്നെ ഭാഷാസംരക്ഷണതന്ത്രങ്ങൾ മെനയുമെന്നാണ് പ്രതീക്ഷിച്ചത്. ഫിഷ്മാന്റെ അഭിപ്രായത്തിൽ എട്ട് ഘട്ടങ്ങളാണ് ദ്വിഭാഷാചുറ്റുപാടിൽ ഭാഷാവ്യതിചലനത്തിനുള്ളത്. ഇതനുസരിച്ച് ഒരു ഭാഷയിൽ നിന്നുള്ള സമൂഹത്തിന്റെ വ്യതിചലനപ്രക്രിയ താഴെപ്പറയുന്ന ഘട്ടങ്ങളിലൂടെയാണ് പൂർത്തിയാകുന്നത്.

ഘട്ടം1: വിദ്യാഭ്യാസ-ഔദ്യോഗിക-ഭരണ-മാധ്യമ ഭാഷയെന്ന നിലയിൽ ഉന്നതതലത്തിൽ ഉപയോഗിക്കുന്നു.

ഘട്ടം 2: ഭരണത്തിന്റെ താഴെക്കിടയിലും മാധ്യമരംഗത്തും മാത്രം ഉപയോഗിക്കുന്നു. ഉന്നതതലങ്ങളിൽ നിന്ന് പടിയിറക്കുന്നു.

ഘട്ടം 3: കൂട്ടായ്മയ്ക്ക് പുറത്ത് ഇരുഭാഷണസമൂഹവും കൂടിക്കലരുന്ന തൊഴിൽ മണ്ഡലങ്ങളിലെ അത്യാവശ്യ വിനിമയത്തിൽ ഒതുങ്ങുന്നു.

ഘട്ടം 4: നിർബന്ധിത വിദ്യാഭ്യാസ നിയമങ്ങളുടെ നടപ്പ് ഉറപ്പുവരുത്തുവാനായി പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ മാത്രം അതിന് സ്ഥാനം ലഭിക്കുന്നു.

ഘട്ടം 5: ഗൃഹ-വിദ്യാലയ-സമുദായകേന്ദ്രീകൃത സാക്ഷരത ഉറപ്പുവരുത്തുവാനായി പ്രയോഗിക്കുമെങ്കിലും സമുദായത്തിന് പുറത്ത് അതിന്റെ ഉപ

ഘട്ടം 6: മൂന്നുതലമുറയിൽപ്പെട്ടവരുടെ വിനിമയഭാഷയായി കുടുംബമണ്ഡലത്തിൽ മാത്രം നിലനിൽക്കുമെങ്കിലും ഔപചാരികവും സാങ്കേതികവുമായ രംഗങ്ങളിൽ ഇതര ഭാഷയ്ക്കായിരിക്കും മേൽക്കൈ.

ഘട്ടം 7: വംശീയഭാഷാശാസ്ത്രപരമായി സജീവല്ലെന്ന് പറയാനാവില്ലെങ്കിലും സാമൂഹികോപയോഗം പ്രത്യുത്പാദന-ഗർഭധാരണപ്രായം കഴിഞ്ഞ മുതിർന്ന തലമുറയിൽ പരിമിതപ്പെടുന്നു.

ഘട്ടം 8: സാമൂഹികമായി ചിതറിക്കിടക്കുന്ന വയോധികരിൽ മാത്രമായി ഒതുങ്ങുന്നു.

തലമുറകൾക്കിടയിൽ മാതൃഭാഷാവിനിമയ സാധ്യത പേരിനുമാത്രമായി മാറുന്ന 6-ാം ഘട്ടത്തിനുമേൽ എത്തിനിൽക്കുന്ന ഭാഷണസമൂഹത്തിൽ ഭാഷാസംരക്ഷണം ദുഷ്കരമാകുമെന്നുറപ്പിക്കാം. ഈ ഘട്ടങ്ങൾക്കുള്ള സാർവത്രികപ്രസക്തി നിഃസംശയം തെളിയിക്കാവുന്നതാണ്. ഇന്ത്യയിലെ പ്ലൂരിസെൻട്രിക്കായ ഹിന്ദുസ്ഥാനി (ഹിന്ദിയും ഉറുദുവും ഹിന്ദിയുടെ പ്രാദേശികഭേദങ്ങളും കലർന്ന ഭാഷ) ഭാഷയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മങ്ങൽ മേൽപ്പറഞ്ഞ ഘട്ടങ്ങളോട് ഏറെ യോജിച്ചു പോകുന്നതായി കാണാം. സ്വാതന്ത്ര്യപൂർവ ഇന്ത്യയിൽ പുഷ്കലമായിരുന്ന ഹിന്ദുസ്ഥാനി ഭാഷയുടെ ഉപയോഗം സിനിമാ-മാധ്യമരംഗത്തു നിന്നും സാധാരണക്കാരുടെ വിനിമയത്തിൽ നിന്നും പൂർണമായി അപ്രത്യക്ഷമായിക്കഴിഞ്ഞിട്ടില്ലെങ്കിലും അത്യന്തം സംസ്കൃതവത്കരിക്കപ്പെട്ട പുതുഹിന്ദിയും ഇംഗ്ലീഷ് ഭാഷാഭിനിവേശവും പരമ്പരാഗതമായി നിലനിന്ന പല മണ്ഡലങ്ങളിൽ നിന്നും അതിനെ പുറന്തള്ളിക്കൊണ്ടിരിക്കുന്നുണ്ടെന്ന് അനിരുദ്ധ് ദേശ്പാണ്ഡെ (2000) ചൂണ്ടിക്കാട്ടുന്നു. മേൽപ്പറഞ്ഞവയിൽ 5 മുതൽ 8 വരെയുള്ള ഘട്ടങ്ങളിലാണ് അതിജീവനം ദുഷ്കരമാകുംവിധം ഇരട്ടമൊഴിത്തം നിലനിൽക്കുന്നത്. 1 മുതൽ 4 വരെയുള്ള ഘട്ടങ്ങളിൽ ഇരട്ടമൊഴിത്തം നിലനിൽക്കുന്നത് അധികാര പങ്കാളിത്തം കൈവിടാതിരിക്കാനുള്ള ശ്രമങ്ങളിലൂടെയാണ്. ആഗോളീകരണം സന്തുലിതമാകുന്നതിനും RLS അനുപേക്ഷണീയമാണെന്ന് ഫിഷ്മാൻ ചൂണ്ടിക്കാട്ടുന്നുണ്ട്.

**ഭാഷാസൂത്രണ-ഭാഷാനയങ്ങൾ**

വികസ്വരരാഷ്ട്രങ്ങളിലെ ഭാഷാപ്രശ്നങ്ങൾ ആദ്യകാലം മുതലേ ഫിഷ്മാന്റെ ഗവേഷണമേഖലകളിൽ മുഖ്യമായിരുന്നു. ചിരകാലസുഹൃത്തായ ചാൾസ് എ. ഫെർഗ്യൂസൻ, ദാസ് ഗുപ്ത എന്നിവരോടൊപ്പം ചേർന്ന് (1968) രചിച്ച "Language Problems of Developing Nations" എന്ന ഗ്രന്ഥം ഭാഷാസൂത്രണ-ഭാഷാനയമേഖലയിൽ ഈടുറ്റ ഒന്നായി നിലനിൽക്കുന്നു. വിവിധ സമൂഹങ്ങളിലെ ഭാഷാചുറ്റുപാടുകളുടെ വൈവിധ്യമനുസരിച്ച് ഭാഷാനയങ്ങളെ അദ്ദേഹം മൂന്ന് മാതൃകകളായി തരംതിരിച്ചു.

അതിവിപുലമായ സാമൂഹിക-സാംസ്കാരിക ചരിത്രമോ സമ്പന്നമായ രാഷ്ട്രീയഭൂതകാലമോ തനത് ബൃഹത്പാരമ്പര്യമോ[3] (great tradition)

സമൂഹങ്ങളിൽ വ്യാപക വിനിമയഭാഷയെ (LWC - Language of the Wider Communication) ദേശീയ-ഔദ്യോഗിക ഭാഷകളായി സ്വീകരിക്കുന്നു. സുദീർഘമായ സാമൂഹിക-സാംസ്കാരിക പാരമ്പര്യവും നിയതമായ രാജ്യാതിർത്തിയുമുള്ളതാണെങ്കിലും ഒരൊറ്റ ബൃഹത്പാരമ്പര്യത്തെ മാത്രം പിന്തുടരുന്ന സമൂഹമാണ് രണ്ടാമത്തേത്. വൈവിധ്യത്തെ അഭിമുഖീകരിക്കേണ്ട ബാധ്യതയില്ലാത്ത ഇത്തരം മാതൃകകളിൽ തദ്ദേശീയമോ തദ്ദേശവത്കൃതമോ ആയ ഒരേയൊരു ഭാഷയായിരിക്കും ദേശീയഭാഷാപദവിയിലേക്കുയരുക. മൂന്നാമത്തേത് ബഹുമുഖ മാതൃകയാണ്. പരസ്പരവിരുദ്ധമോ പരസ്പരമാത്സര്യം പുലർത്തുന്നതോ ആയ നിരവധി ബൃഹത്പാരമ്പര്യങ്ങൾ ഇത്തരം സമൂഹങ്ങളുടെ പ്രത്യേകതയാണ്. ഒരേസമയം ഉപരിദേശതയെയും അധോദേശീയതയെയും ഉൾക്കൊള്ളുന്ന ഇത്തരം രാജ്യങ്ങളിലെ ദേശീയതാസങ്കല്പം നിരവധി ഉപദേശീയതകളെക്കൂടി ആശ്രയിച്ചിരിക്കും. ദ്വിഭാഷിത്വം സർവസാധാരണമായ ഇത്തരം മാതൃകകളിൽ പ്രാദേശിക ഭാഷകൾക്കൊപ്പം വ്യാപകവിനിമയഭാഷയ്ക്കും ഔദ്യോഗിക ഭാഷാപദവി കൈവരും.

ഫിഷ്മാന്റെ ഭാഷാസൂത്രണമാതൃക വലിയൊരളവോളം ഹേഗന്റെ (1966) ഭാഷാസൂത്രണമാതൃകയെ പിന്തുടരുന്നുണ്ട്. ഹേഗൻ നിർദേശിക്കുന്ന നാല് ഘട്ടങ്ങളായ മാനദണ്ഡസ്വീകരണം, നിയമക്രമീകരണം, നയവിശദാംശങ്ങൾ തയ്യാറാക്കൽ, നയം നടപ്പിലാക്കൽ എന്നിവയെ കോഡുസ്വീകരണം, കോഡുക്രമീകരണം, കോഡുവിശദീകരണം എന്നീ ശീർഷകങ്ങളിലായാണ് ഫിഷ്മാൻ ഉൾക്കൊള്ളുന്നത്. രണ്ടു സാഹചര്യങ്ങളെ വ്യക്തമായി വ്യവച്ഛേദിച്ചാണ് ഭാഷാസൂത്രണമാതൃകകളുടെ ഏകതയും ആധികാരികതയും വർധിപ്പിക്കേണ്ടതെന്ന് ഫിഷ്മാൻ കരുതി. അനഭികാമ്യമായ ബാഹ്യഭാഷാസ്വാധീനവും ആഭ്യന്തരഭാഷാബദലുകളുമാണ് മേൽസൂചിപ്പിച്ച രണ്ടു സാഹചര്യങ്ങൾ. പദവി സംവിധാനവും കോർപ്പസ് സംവിധാനവുമാണ് ഭാഷാസൂത്രണത്തിന്റെ രണ്ട് ശുഭനിലകളായി ഫിഷ്മാൻ അവതരിപ്പിക്കുന്നത്.

ഭാഷാസൂത്രണം വരേണ്യതയെ താലോലിക്കുന്ന പ്രക്രിയയാണെന്നും അത് സാമൂഹിക-സാമ്പത്തിക-സാങ്കേതിക അസമത്വങ്ങൾ പുരുത്പാദിപ്പിക്കുമെന്നും ബഹുസ്വര സംസ്കാരത്തിന് പ്രഹരമേൽപ്പിക്കുമെന്നും ലോകമുടനീളം പാശ്ചാത്യവത്കരണത്തിന് ആക്കം കൂട്ടുമെന്നുമുള്ള നവമാർക്സിയൻമാരുടെയും ഘടനാന്തരവാദികളുടെയും ആരോപണത്തോട് ഫിഷ്മാൻ ഇനിപറയും വിധമാണ് പ്രതികരിക്കുന്നത്. "ഏതു വ്യവസ്ഥിതിയിലുമെന്നപോലെ ഭാഷാസൂത്രണത്തിലും അധികാരികളുടെ സ്വാർഥതാത്പര്യം തുടരുമെന്നത് യാഥാർഥ്യം തന്നെ. അത് പുതിയതരം അസമത്വഘടനയ്ക്ക് വഴിവച്ചേയ്ക്കാം. സ്വയം മാറാൻ തയ്യാറാകാതെ മറ്റുള്ളവരെ മാറ്റുന്നതിലാകാം അധികാരകേന്ദ്രങ്ങളുടെ ശ്രദ്ധ. പാശ്ചാത്യവത്കരണവും ആധുനികീകരണവും പല പ്രശ്നങ്ങളുമുയർത്തുമെങ്കിലും സാമാന്യജനങ്ങളുടെ പല പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കാനും അത് ഉതകും. സാമൂഹിക-രാഷ്ട്രീയ ചുറ്റുപാടുകൾ എവ്വിധമായിരുന്നാലും പിന്താങ്ങുന്നവർക്കും എതിർക്കുന്നവർക്കും ഭാഷാസൂത്രണത്തിന്റെ പ്രയോജനം ലഭിക്കുകതന്നെ ചെയ്യും" (ഫിഷ്മാൻ 1994:98).

1. വിയോജന/സംയോജന ആസൂത്രണം (ausbau/einbau planning): പലടനാസാമ്യംകൊണ്ട് സഹോദരരെപ്പോലെ തോന്നിക്കുന്ന ഭാഷകൾ വ്യതിരിക്തസ്വത്വവും സ്വതന്ത്രാസ്തിത്വവും നിലനിർത്താനായി പലപ്പോഴും ബോധപൂർവം അകന്നും പുറംതിരിഞ്ഞും നിൽക്കുവാനിഷ്ടപ്പെടുന്നു. അകന്നുനിൽക്കൽ ഉറപ്പിക്കുംവിധമുള്ള ആസൂത്രമാണ് ഔസ്ബൗ ആസൂത്രണം. ഉർദു/ഹിന്ദി, മാസിഡോണിയൻ /ബൾഗേറിയൻ തുടങ്ങിയ ഭാഷകളുടെ ആസൂത്രണസമീപനങ്ങൾ ഈ വിഭാഗത്തിലുൾപ്പെടുത്താം. ഐൻബൗ (സംയോജനം) ആസൂത്രണം ഇതിന്റെ നേർവിപരീത ദിശയിലുള്ളതാണ്. പരസ്പരാശ്രിതത്വത്തോത് വർധിപ്പിച്ച് സാമ്യതയേറിയ രണ്ടു ഭാഷകളെ ഒന്നാക്കിമാറ്റാൻ ശ്രമിക്കുന്ന തരം ആസൂത്രമാണ് ഇത്. റൊമാനിയൻ/മോൾദോവിയൻ, ഉക്രൈനിയൻ/ബെലാറസിയൻ എന്നിവ ഉദാഹരണങ്ങളാണ്.

2. അനന്യതനിലനിർത്തൽ/അന്താരാഷ്ട്രവത്കരണം: മറ്റെല്ലാ ഭാഷകളിൽ നിന്നും വേറിട്ടുനിർത്തുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്ന ഭാഷകളുടെ അത്തരം അനന്യതകൾ വാമൊഴി-വരമൊഴിതലത്തിൽ നിലനിറുത്തുന്ന തരത്തിൽ ആസൂത്രണം നടത്താറുണ്ട്. സ്വാശ്രയത്വപ്രധാനമാണ് ഈ ആസൂത്രണം. അതേ സമയം, മാറുന്ന ലോകത്തിന്റെ ശാസ്ത്ര-സാങ്കേതികാവശ്യങ്ങൾക്കനുസൃതമായി തനത് ഭാഷാരൂപങ്ങളിൽ നീക്കുപോക്കുവരുത്തുകയും അതിനെ പ്രബലഭാഷയുടെ ശീലങ്ങൾക്കനുസരിച്ച് അന്താരാഷ്ട്രവത്കരിക്കുകയും ചെയ്യുന്ന തരം ആസൂത്രണവുമുണ്ട്. കൊമി (komi) ഭാഷയുടെ ആസൂത്രണം ആദ്യവിഭാഗത്തിലും തുർക്കിഭാഷയുടെത് രണ്ടാമത്തെതിലും ഉൾപ്പെടുന്നുവെന്ന് ഫിഷ്മാൻ ചൂണ്ടിക്കാണിക്കുന്നു.

3. ശുദ്ധീകരണം/പ്രാദേശികവത്കരണം : കലർപ്പിന്റെ ഏതുതരം അംശത്തെയും പ്രതിരോധിക്കുകയും ഒറ്റയാനായി നിൽക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന തരം ആസൂത്രണമാണിത്. ഹീബ്രുവിന്റെ പുനരുത്ഥാനത്തെ അദ്ദേഹം ഈ വിഭാഗത്തിൽപ്പെടുത്തുന്നു. എന്നാൽ പ്രാദേശികതലത്തിൽ അടുത്തടുത്ത് നിലകൊള്ളുന്ന സഹോദരഭാഷകൾ യാതൊരു പരിമിതികളുമില്ലാതെ പരസ്പരം കൊടുക്കൽ വാങ്ങലുകൾ നടത്തുന്നതിന് അനുഗുണമായ ആസൂത്രണമാണ് പ്രാദേശികവത്കരണം. ഇത്തരം ആസൂത്രണത്തിൽ താരതമ്യേന സമ്പന്നവും പ്രബലവുമായ പ്രാദേശികഭാഷകളിലൊന്നിന് മറ്റുള്ളവയെ പുഷ്ടമാക്കുന്ന കാര്യത്തിൽ കേന്ദ്രസ്ഥാനം കൈവരുന്നു. മധ്യേഷ്യൻ ഭാഷകളുടെ ഭാഷാവിഭവസമ്പുഷ്ടിയിൽ തുർക്കിഭാഷയും കിഴക്കേനേഷ്യൻ ദ്വീപുകളിൽ മലായ്, ഇന്തോനേഷ്യൻ ഭാഷകളും ഈ ധർമം നിർവഹിക്കുന്നുവെന്ന് ഫിഷ്മാൻ അഭിപ്രായപ്പെടുന്നു.

4. ക്ലാസിക്‌വത്കരണം/ദേശ്യവത്കരണം : നിലവിലുള്ള ഭാഷയെ അതുമായി ബന്ധമുള്ള ക്ലാസിക് ഭാഷയോട് പരമാവധി അടുപ്പിക്കുന്ന തരം ആസൂത്രണത്തെ ഫിഷ്മാൻ ക്ലാസിക്‌വത്കരണമെന്ന് വിളിക്കുന്നു...

സംസ്കൃതവത്കരണവും വ്യവഹാര തമിഴിനെ ക്ലാസിക് തമിഴിന്റെ വഴിയിലേക്ക് തിരിച്ചുനടത്തുന്നതും ആധുനിക അറബിയെ ഖുർആനിക അറബിയിലേക്ക് അലിയിക്കുന്നതുമൊക്കെ ഇതിനുദാഹരണങ്ങളാണ്. ക്ലാസികമായതിനെയൊന്നും പരിഗണിക്കാതെ സാമാന്യജനഭാഷയുടെ ഒഴുക്കിനനുസരിച്ചു മാത്രം ആസൂത്രണം നടത്തുന്ന സാഹചര്യവും ചിലയിടങ്ങളിലുണ്ട്. മേൽപ്പറഞ്ഞ എല്ലാ വിഭജനങ്ങളിലും സ്വാശ്രയ -പരസ്പരാശ്രയദ്വന്ദ്വം പ്രവർത്തിക്കുന്നതായിക്കാണാം.

ചുരുക്കത്തിൽ ഫിഷ്മാന്റെ ഭാഷാനയ-ഭാഷാസൂത്രണചിന്തകളിലും നിരീക്ഷണങ്ങളിലും പ്രായോഗികമാതൃകകളിലും സമൂഹശാസ്ത്ര സൈദ്ധാന്തികനെക്കാൾ മുഴച്ചുനിൽക്കുന്നത് സമൂഹശാസ്ത്രപ്രയോക്താവാണ്. അതുകൊണ്ടുതന്നെ ദ്വിഭാഷിത്വം പോലുള്ള ഫിഷ്മാനിയൻ ചിന്തകളിൽ നിന്ന് അവ അല്പം വേറിട്ടു നിൽക്കുന്നതായി കാണാം.

## ഉപസംഹാരം

ഒരു കാലത്ത് ഭാഷാഘടനയുടെ വിവരണത്തിലും വിശദീകരണത്തിലും മാത്രം കണ്ണുകളാഴ്ത്തിയ ക്ലാസിക് ഭാഷാശാസ്ത്രത്തെ സമൂഹത്തിലേക്കും സംസ്കാരത്തിലേക്കും വംശീയസവിശേഷതകളിലേക്കും കൂടി കണ്ണുകൾ പായിക്കാൻ ശീലിപ്പിക്കുന്നതിൽ ജോഷ്വാ ഫിഷ്മാന്റെ പങ്ക് വലുതായിരുന്നുവെന്ന് കാണാം. ആശയവിനിമയധർമത്തിനുമപ്പുറം സാമൂഹികധാർമ്യമെന്ന നിലയിലുള്ള ഭാഷയുടെ ഭിന്നമുഖങ്ങളിലായിരുന്നു ഫിഷ്മാന്റെ നോട്ടങ്ങളത്രയും. സാമൂഹികഭാഷാശാസ്ത്രത്തിനും ഭാഷയുടെ സമൂഹശാസ്ത്രത്തിനുമിടയിലെ മതിൽക്കെട്ട് ശക്തമാക്കാൻ ശ്രമിച്ച ആദ്യകാല ഭാഷാശാസ്ത്രജ്ഞരുടെ ശ്രമങ്ങളെ സൈദ്ധാന്തികമായി പ്രതിരോധിച്ച് അവയുടെ അതിർവരമ്പുകൾ ദുർബലമാക്കാൻ ഫിഷ്മാന് സാധിച്ചു. അത് ഭാഷയുടെ സമൂഹശാസ്ത്രത്തിന് ശക്തമായ അടിത്തറ നൽകുകയും ചെയ്തു. ഒരേ സമയം ഭാഷാശാസ്ത്രത്തിന്റെയും സമൂഹശാസ്ത്രത്തിന്റെയും ഭൂതക്കണ്ണാടികളിലൂടെ ഭാഷയുടെ ആന്തരികവൈവിധ്യം സുവ്യക്തമായി വെളിപ്പെടുത്തിക്കാണിക്കുവാനുള്ള സിദ്ധിയാണ് ജോഷ്വായെ ഇതര സമൂഹശാസ്ത്രജ്ഞരിൽ നിന്നും ഭാഷാശാസ്ത്രജ്ഞരിൽ നിന്നും വ്യത്യസ്തനാക്കിയത്. ഭാഷാശാസ്ത്രത്തെയും സമൂഹശാസ്ത്രത്തെയും പരസ്പരം ഊന്നുവടിയാക്കുവാനും ഇണക്കുവാനുമാണ് തന്റെ ആയിരത്തോളം പ്രബന്ധങ്ങളിലൂടെ ഫിഷ്മാൻ ആജീവനാന്തം ശ്രമിച്ചതെന്ന് കാണാം. ഒരുവേള സൈദ്ധാന്തികന്റെ നിലവിട്ട് ഭാഷാസംരക്ഷണ-പുനരുത്ഥാന പ്രവർത്തനങ്ങൾക്കായി ചിട്ടയായ കർമപദ്ധതി മുന്നോട്ടുവയ്ക്കുന്ന സാമൂഹികപ്രവർത്തകനാകുവാനും ജോഷ്വാ ഫിഷ്മാന് മടിയുണ്ടായിരുന്നില്ല. ഫിഷ്മാനിയൻ ചിന്തകൾ എപ്രകാരമാണ് ഭാഷയുടെ സമൂഹശാസ്ത്രത്തിന് സൈദ്ധാന്തികാടിത്തറയേകിയതെന്ന് ബഹുഭാഷിതത്വം, ഇരട്ടമൊഴിത്തം, ഭാഷാസംരക്ഷണം, ഭാഷാവ്യതിചലനം, ഭാഷാവ്യതിചലനത്തിൽ നിന്ന് പിന്തിരിയൽ, ഭാഷാസൂത്രണം, ഭാഷാനയങ്ങൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകളുടെ വെളിച്ചത്തിൽ സാമാന്യമായി പരിശോധിക്കുവാനാണ്

## കുറിപ്പുകൾ

1. വിവിധഭാഷിത്വം (plurilingualism) : നിരവധി ഭാഷകളിൽ വിവിധ തോതിലുള്ള പാടവവും അതുവഴി ഭിന്നസംസ്കാരങ്ങളെ അഭിമുഖീകരിക്കുവാനുള്ള കഴിവും.
2. ഗെമൈൻഷാഫ്റ്റ്: ജർമൻ സമൂഹശാസ്ത്രജ്ഞനായ ഫെർഡിനന്റ് ടൊനീസിന്റെ സങ്കല്പനം. ദൃഢമായ സാമൂഹിക- വൈയക്തികബന്ധങ്ങൾക്ക് പ്രാധാന്യമുള്ള കൂട്ടായ്മയോ ജനതതിയോ.
3. ബൃഹത്പാരമ്പര്യം: റോബർട്ട് റെഡ്ഫീൽഡിന്റെ സങ്കല്പനം. ലിഖിതഗ്രന്ഥങ്ങളുടെ പിൻബലമുള്ള, താരതമ്യേന കൂടുതൽ പരിഷ്കൃതവും സംസ്കൃതവുമെന്ന് കരുതപ്പെടുന്ന വരേണ്യപാരമ്പര്യം.

## ആധാരസൂചി


Alpatov, V. M. 2011. 'Soviet Linguistics of the 1920s and 1930s and the Scholarly Heritage', In *Politics and the Theory of Language in the USSR 1917-1938: The Birth of Sociological Linguistics*, edited by C. Brandist & K. Chown, London: Anthem Press.

Bernstein, B. 1971. *Class, Codes and Control, 1: Theoretical Studies towards a Sociology of Language*. London: Routledge.

Bram, Joseph. 1955. *Language and Society*. New York: Random House.

Bright, W. ed., 1992. *International Encyclopaedia of Linguistics*. Oxford: Oxford University Press.

Chomsky, N. 1965. *Aspects of the Theory of the Syntax*. Cambridge, Mass: MIT Press.

Cohen, Marcel. 1970. *Language: Its Structure and Evolution*. Miami: University of Miami Press.

Coulmas, F. 1997. *The Handbook of Sociolinguistics*. Oxford: Blackwell.

Deshpande, Anirudh. 2000. 'Hindustani in India'. *Economic and Political Weekly*. April 8, 2000.

Durkheim, E. [1912] 1991. *Elementary Forms of Religious Life*. New York: The Free Press.

Ferguson, C.A. 1959. 'Diglossia'. *Word*, 15, pp. 325-340.

Fishman, J. A, Ferguson, C, A, & Dasgupta, J. 1968. *Language Problems of Developing Nations*. New York: Wiley.

Fishman, J.A. 1964. 'Language Maintenance and Language Shift as a Field of Inquiry'. *Linguistics* 9, 32-70.

Fishman, J.A. 1967. 'Bilingualism with and without Diglossia; Diglossia with and without Bilingualism'. *Journal of Social Issues*, Vol.23, Issue 2 p. 29-38.

Fishman, J.A .1968. 'Language maintenance and language shift as a field of inquiry'. In J.A.

Fishman.ed., 1964. *Language Loyalty in the United States*. The Hague: Mouton.

Fishman, J.A. [illegible] *Ideology, Society and Language: the Odyssey of Nathan Birnbaum*. Ann Arbor, MI: Karoma.

Fishman, J.A. ed. 1968. *Readings in the Sociology of Language*. The Hague: Mouton.

Fishman, J.A. 1966. 'Planned Reinforcement of Language Maintenance in the United States. Suggestions for the Conservation of a Neglected National Resource'. In J.A Fishman. *Language Loyalty in the United States*. The Hague: Mouton. 318-357.

Fishman, J.A. 1968. 'Sociolinguistics and the Language Problems of the Developing Countries', In J.A. Fishman, C.A. Ferguson & D. Gupta., ed. *Language Problems of Developing Nations*. New York: John Wiley & Sons, pp. 3-16.

Fishman, J.A. 1972. *Advances in the Sociology of Language*. The Hague: Mouton.

Fishman, J.A. 1991. *Yiddish: Turning to Life: Sociolinguistic Studies and Interpretations*. Amsterdam: John Benjamins.

Fishman, J.A. et. al., 1968. *Language Problems of Developing Nations*. New York: Wiley, 53-68. reprint of 1952.

Fishman, J.A., ed. 1971. *Advances in the Sociology of Language-I*. The Hague: Mouton.

Fishman, J.A., ed. 1985. *Readings in the Sociology of Jewish Languages*. Leiden, Netherlands: E. J. Brill.

Fishman, J.A., ed. 2001. *Can Threatened Languages be Saved?* Clevedon, Avon: Multilingual Matters.

Garcia & Schiffman .2006. 'Fishmanian Sociolinguistics'. In Ofelia García, Rakhmiel Peltz, Harold F. Schiffman., ed. *Language Loyalty, Continuity and Change: Joshua A. Fishman's Contributions to International Sociolinguistics*. Clevedon: Multilingual Matters.

Grimshaw, A.D. 1971. 'Language as obstacle and as data in sociological research'. *Items*, 23 .2., pages 17-21.

Gumperz, J.J. & Hymes, D. 1972. *Directions in Sociolinguistics: The Ethnography of Communication*. New York: Holt.

Gumperz, J.J. 1971. *Language in Social Groups*. Stanford: Stanford University Press.

Haugen, E .1966. *Language Planning and Language Conflict: The Case of Modern Norwegian*. MA: Harvard University Press.

Hjelmslev, L. 1970 [1943]. *Prolegomena to a Theory of Language*, translated by F.J. Whitfield. Madison, WI: University of Wisconsin Press.

Hudson, R.A. 1996. *Sociolinguistics*. Cambridge, UK: Cambridge University Press.

Hudson, Richard .1984. *Word Grammar*. Oxford: Blackwell.

Hunt, C.L. 1966. 'Language Choice in a Multilingual Society'. *Sociological Inquiry*, 36 (2). pp. 240-253.

Kelley, H. H. 1967. 'Attribution Theory in Social Psychology'. *Nebraska*

[illegible]

Martinet, A. 1964. *Elements of General Linguistics*. London: Faber.

Mounlene, Frédéric. 'The challenge of sociology of language beyond sociolinguistics, towards discourse analysis'. Citations to Article post to Academia.edu, Academia, August 26, 2022. www.academia.edu/21646935. The Challenge of Sociology of Language Beyond Sociolinguistics towards Discourse Analysis.

Sacks, H. 1972. 'An Initial Investigation of Usability of Conversational Data for Doing Sociology'. *In Sudnoy, D., ed. Studies in Social Interaction*. New York: Free Press.

Sapir, E. 1921. *Language: An Introduction to the Study of Speech*. New York: Harcourt, Brace & World Inc.

Schegloff, E. 1968. 'Sequencing in Conversational Openings. *American Anthropologist*, 70: pp.1075-1098.

Skutnabb-Kangas, T. 1988. 'Multilingualism and Education of Minority Children'. In T. Skutnabb and J. Cummins. ed., *Minority Education: From Shame to Struggle*. Clevedon: Multilingual Matters.

Spolsky, B. 2015. https://sociologyoflanguageandreligion.com/joshua-a-fishman/. Biographical information of Joshua A Fishman 1926-2015 given by Bernard Spolsky in the website, retrieved on 11.09.2022.

Spolsky, B. 2011. 'Ferguson and Fischman: Sociolinguistics and the Sociology of Language', In R. Wodak, B. Johnstone & P. Kerswill. ed., *The Sage Handbook of Sociolinguistics*. London: Sage.

Weinreich, U. 1953. *Language in Contact: Findings and Problems*. New York: Linguistic Circle of New York.

Whitney, W.D. 1867. *Language and the Study of Language*. New York: Scribner.

http://www.joshuaafishman.com/